# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**

വാല്യം 44 ലക്കം 1
വാർഷിക വരിസംഖ്യ ₹ 100

Vol 44 No. 1
Annual Subscription ₹100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്
ഡിസംബർ 2025

അമ്മേ, മാതാവേ,
ദൈവത്തിന്റെ ഹൃദയത്തിൽ
ഇടം നേടിയവളേ,
നീ പരിശുദ്ധയാണ്.
എന്നാൽ ഞങ്ങൾ പരിശുദ്ധരല്ല.
ഞങ്ങൾ വെറും പാവപ്പെട്ട സൃഷ്ടികളാണ്.
അമ്മേ,
ഞങ്ങൾ നിന്നിൽ അഭയം തേടുന്നു.
നിത്യജീവന്റെ പ്രത്യാശയിലേക്ക്
നീ ഞങ്ങളെ നയിക്കേണമേ.



**വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ**

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**

**Vol. 44 No. 1**

**വാല്യം 44 ലക്കം 1 മംഗളവാർത്തക്കാലം ഡിസംബർ 2025**


**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"** (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**സീനാ ചക്കാലമുറ്റം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**സൗമ്യാ കാഞ്ഞിരക്കാട്ട് A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- മറിയത്തിന്റെ സ്തോത്രഗീതം 5
- ക്രിസ്തുമസ്: ചെറുതാകലിലെ വലുതാകൽ 8
- മരണാനന്തരജീവിതത്തിലുള്ള വിശ്വാസം 10
- ഈ പോക്ക് എങ്ങോട്ട്? 13
- ഒരു അന്വേഷണത്തിന്റെ കഥ 15
- മനാസ്സെ 17
- വചനവും പരിശുദ്ധ അമ്മയും 19
- സെനക്കിൾ തരംഗം 22
- ശാന്തരാത്രി 23
- ഒന്നു വിട്ടുകൊടുത്തുകൂടേ? 25
- ഭൗമിക മാലാഖമാർ 27
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# സത്യസാക്ഷ്യജീവിതം

"**ദൈ**വവിശ്വാസം ഏറ്റുപറയുന്നവരുടെ അനൈക്യവും കലഹവും യുദ്ധക്കൊതിയും വിവേചനങ്ങളുമൊക്കെ തെറ്റായ ദൈവസങ്കല്പമാണു മുന്നോട്ടു വയ്ക്കുന്നത്". വിശ്വാസത്തിലെ ഐക്യം ലക്ഷ്യംവച്ചുകൊണ്ട് ഏഷ്യാമൈനറിലെ നിഖ്യാ പട്ടണത്തിൽ ചേർന്ന സാർവത്രിക സൂനഹദോസിന്റെ 17-ാം ശതാബ്ദിയോടനുബന്ധിച്ച് പുറപ്പെടുവിച്ച 'വിശ്വാസത്തിന്റെ ഐക്യത്തിൽ' എന്ന ശ്ലൈഹിക രേഖയിലെ ലെയോ പതിനാലാമൻ മാർപാപ്പായുടെ വാക്കുകളാണിവ. കർത്താവും ദൈവവുമായ ഈശോമിശിഹായെ അനുഗമിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ട കർമ്മമെന്നും ദൈവം നമ്മെ സ്നേഹിക്കുന്നതിനാൽ നാമും പരസ്പരം സ്നേഹിക്കണമെന്നും ഈ രേഖയിലൂടെ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു.

ദൈവസ്നേഹം മാംസംധരിച്ച് നമ്മുടെയിടയിൽ വസിച്ചതിന്റെ ഓർമ്മയാചരണത്തിലൂടെയും ആഘോഷത്തിലൂടെയും കടന്നുപോകുന്ന മംഗളവാർത്തക്കാലമാണിത്. 'തന്നിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം അത്രമാത്രം ലോകത്തെ സ്നേഹിച്ച്' (യോഹ 3,16) ദൈവപിതാവു മനുഷ്യർക്കു വെളിപ്പെടുത്തപ്പെട്ടത് മിശിഹായിലൂടെയാണല്ലോ. ഈശോ സ്നേഹപിതാവിനെ വെളിപ്പെടുത്തിയത് കേവലം വാക്കുകളിലൂടെ മാത്രമായിരുന്നില്ല. അവിടുത്തെ കരുണാമസൃണമായ വാക്കുകളും പ്രവൃത്തികളും അത്ഭുതങ്ങളും രോഗശാന്തികളും പാപമോചനവുമൊക്കെ ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലുകളായിരുന്നു.

വാക്കുകളും പ്രവൃത്തികളും തമ്മിലുള്ള പൊരുത്തമില്ലായ്മ സുവിശേഷസത്യത്തിനും സുവിശേഷപ്രഘോഷണത്തിനുമെതിരാണ്. ദൈവിശ്വാസം ഏറ്റുപറയുന്നവരുടെ തെറ്റായ ജീവിതസാക്ഷ്യം തെറ്റായ ദൈവസങ്കല്പമാണ് മുന്നോട്ടുവയ്ക്കുന്നതെന്ന മാർപാപ്പായുടെ വിലയിരുത്തലിന് വലിയ പ്രാധാന്യമുണ്ട്. നമ്മെ സ്നേഹിച്ച നല്ല ദൈവത്തിന് നല്ല രീതിയിൽ സാക്ഷ്യം വഹിക്കാൻ, അപരന് മംഗളവാർത്തയാകുന്ന ജീവിതം നയിക്കാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. ഏവർക്കും തിരുപ്പിറവിയുടെ മംഗളാശംസകൾ!

ചീഫ് എഡിറ്റർ





# മറിയത്തിന്റെ സ്തോത്രഗീതം

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

**താ**ൻ ഈശോയെ ഗർഭംധരിക്കാൻ കരുണ പ്രവർത്തിച്ച ദൈവത്തെ മറിയം മഹത്ത്വപ്പെടുത്തുന്ന സ്തോത്രഗീതമാണ് വി. ലൂക്കാ അറിയിച്ച സുവിശേഷം ഒന്നാം അദ്ധ്യായം 46 മുതൽ 55 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നത്. പഴയനിയമത്തിലെ സാമുവലിന്റെ അമ്മയായ ഹന്നായുടെ കർതൃകീർത്തനത്തോട് (1 സാമു 1,1-11) അടുത്ത സാമ്യമുള്ള കീർത്തനമാണിത്. "ഹന്നാ പ്രാർത്ഥിച്ചുകൊണ്ടു ചൊല്ലി: എന്റെ ഹൃദയം കർത്താവിൽ ആനന്ദിക്കുന്നു; കർത്താവിലാണ് എന്റെ കൊമ്പ് ഉയർത്തിയിരിക്കുന്നത്. എന്റെ ശത്രുവിനെതിരേ ഞാൻ അട്ടഹസിക്കുന്നു; എന്തെന്നാൽ, അവിടുത്തെ രക്ഷയിൽ ഞാൻ സന്തോഷിക്കുന്നു" (1 സാമു 1,11). മറിയം എലിസബത്തിനെ സന്ദർശിച്ചപ്പോൾ, മറിയത്തെ 'എന്റെ കർത്താവിന്റെ അമ്മ' എന്നു വിളിക്കാനും അവളെ വിശ്വാസത്തിന്റെ മാതൃകയെന്നു വിശേഷിപ്പിക്കാനും പരിശുദ്ധാത്മാവ് എലിസബത്തിനെ ശക്തീകരിച്ചു (ലൂക്കാ 1,45). ഗബ്രിയേൽ ദൂതൻ തുടക്കമിട്ട മരിയസ്തുതി എലിസബത്ത് തുടർന്നു. സഭ ഇന്നും തുടരുന്നു. ഇത് മിശിഹാക്കാലത്തിന്റെ അടയാളമാണ്.

## ആത്മാവും അരൂപിയും

"മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ അരൂപി എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1,48-48). ഈ സ്തോത്രഗീതത്തിന്റെ ആദ്യ വാക്യങ്ങൾ മറിയത്തിന് ദൈവം നൽകിയ അനുഗ്രഹങ്ങളെക്കുറിച്ചാണ് പറയുന്നത്. ഈ അനുഗ്രഹങ്ങളാണ് എളിയവളായ മറിയം 'അനുഗ്രഹീത' എന്ന് വിശേഷിപ്പിക്കപ്പെടാൻ ഇടയാക്കിയത്. അറിയപ്പെടാതിരുന്ന ഒരു കൊച്ചുഗ്രാമത്തിൽ നിന്നുള്ള ഈ പെൺകുട്ടിയെ മിശിഹായുടെ അമ്മയുടെ സ്ഥാനത്തേക്ക് ഉയർത്തിയതാണ് ഈ കീർത്തനത്തെ ഏറ്റവുമധികം വിപ്ലവകരമാക്കിയത്. ദൈവത്തിന്റെ ശക്തിയും കരുണയും മഹത്ത്വവുമെല്ലാം ലോകത്തിനു പ്രകടമായത് എളിയവളായ മറിയംവഴിയാണ്. ദൈവത്തിന്റെ വലിയ കാരുണ്യത്തെയാണ് ഈ കീർത്തനം ഉച്ചസ്വരത്തിൽ പുകഴ്ത്തിയത്. മനുഷ്യനിൽ ശരീരത്തിനു പുറമേ ആത്മാവും അരൂപിയും ഉണ്ടെന്നുള്ള വസ്തുത ഈ സ്തോത്രഗീതം വ്യക്തമാക്കുന്നു. 'ആത്മാവാ'ണ് മാനുഷികമായ കഴിവുകളുടെ അടിസ്ഥാനമെങ്കിൽ 'അരൂപി' ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനമാണ്. നമ്മിലുള്ള ദൈവത്തിന്റെ അരൂപിയുടെ പ്രവർത്തനങ്ങളോടു സഹകരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത് ഈ അരൂപിയാണ്. ദൈവത്തിന്റെ കരുണനിറഞ്ഞ സ്നേഹത്തിന്റെ തന്നിലുള്ള പ്രവർത്തനങ്ങളെ അനുസ്മരിച്ച് മറിയം ദൈവത്തെ മഹത്ത്വപ്പെടുത്തുമ്പോൾ ദൈവത്തിന്റെ രക്ഷാകരസ്നേഹം അനുഭവിച്ച് അവൾ ആനന്ദിക്കുന്നു. ദൈവം ശക്തനും പരിശുദ്ധനും കാരുണ്യവാനുമാണെന്ന് ഈ കീർത്തനത്തിൽ എടുത്തുപറയുന്നു.

## ദൈവത്തിന്റെ സവിശേഷതകൾ

ദൈവം ശക്തനാണെന്നും പരിശുദ്ധനാണെന്നും കാരുണ്യവാനാണെന്നും ഈ കീർത്തനത്തിൽ എടുത്തുപറയുന്നു (ലൂക്കാ 1,49-50). ദൈവം ശക്തനാണെന്നത് ബൈബിൾ മുഴുവൻ വെളിപ്പെടുത്തുന്ന കാര്യമാണ്. ദൈവത്തിന്റെ കൃപ അമാനുഷികമായവിധം സ്വീകരിച്ചിരിക്കുന്ന മറിയത്തിന് ദൈവത്തിന്റെ ശക്തിയെപ്പറ്റി പറയാതിരിക്കുവാൻ കഴിയുകയില്ല. അതുപോലെ ദൈവം പരിശുദ്ധനാണെന്നും കീർത്തനം ഊന്നിപ്പറയുന്നു. ലേവ്യരുടെ പുസ്തകത്തിലെ 'വിശുദ്ധിയുടെ നിയമസംഹിത' ദൈവത്തെ പരിശുദ്ധൻ എന്ന് ആവർത്തിച്ചു വിശേഷിപ്പിക്കുന്നു: "എന്തെന്നാൽ നിങ്ങളുടെ ദൈവമായിരിക്കേണ്ടതിന് ഈജിപ്തുനാട്ടിൽനിന്നു നിങ്ങളെ കൊണ്ടുവന്ന കർത്താവു ഞാനാകുന്നു. നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ; എന്തെന്നാൽ ഞാൻ പരിശുദ്ധനാണ്" (ലേവ്യർ 11,45). ദൈവം നിത്യം കാരുണ്യവാനാണ് (1,50) എന്നും ഈ കീർത്തനത്തിൽ പ്രഖ്യാപിക്കുന്നു. വീണ്ടും 54-ാം വാക്യത്തിലും ഇതുതന്നെ പ്രസ്താവിക്കുന്നുണ്ട്. രക്ഷാകരചരിത്രം മുഴുവൻ ദൈവത്തിന്റെ കരുണയുടെ വിവരണമാണ്. ദൈവത്തെ ഭയപ്പെടുന്നവർക്ക്, അവിടുത്തെ അംഗീകരിച്ച്, ബഹുമാനിച്ച്, അനുസരിക്കുന്നവർക്ക് അവിടുന്ന് എല്ലാ തലമുറയിലും കാരുണ്യവാനായിരിക്കുമെന്ന് ഇവിടെ അടിവരയിട്ടു പറയുകയാണ്.

## ത്രിവിധ വിപ്ലവങ്ങൾ

ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം വിപ്ലവകരമായ ഒരു പ്രവർത്തനമാണ്. ത്രിവിധ വിപ്ലവങ്ങളാണ്, മാറ്റങ്ങളാണ് ദൈവത്തിന്റെ രക്ഷ മനുഷ്യരുടെയിടയിൽ ഉളവാക്കുന്നത്: 1. സാന്മാർഗ്ഗിക വിപ്ലവം, 2. സാമൂഹിക വിപ്ലവം, 3. സാമ്പത്തിക വിപ്ലവം.

1. സാന്മാർഗ്ഗിക വിപ്ലവം: "അവിടുന്നു തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു; ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു" (1,51). മനുഷ്യഹൃദയത്തിൽ അഹങ്കാരം ചിതറിക്കപ്പെടുന്നതിന്റെ ഫലമായി എളിമയുള്ള മനുഷ്യസമൂഹം രൂപംകൊള്ളുന്നു.

2. സാമൂഹികവിപ്ലവം: "ശക്തന്മാരെ സിംഹാസനത്തിൽനിന്നും മറിച്ചിട്ടു; എളിയവരെ ഉയർത്തി" (1,52). സാമൂഹ്യവിപ്ലവത്തിന്റെ ഫലമായി സമൂഹത്തെ ഭരിക്കുന്നത് ശക്തരല്ല, എളിയവരാണ്.

3. സാമ്പത്തിക വിപ്ലവം: "വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾകൊണ്ട് സംതൃപ്തരാക്കി; സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു" (1,53). സാമ്പത്തികവിപ്ലവത്തിന്റെ ഫലമായി സമ്പന്നർ തങ്ങളുടെ സമ്പത്ത് ദരിദ്രരുമായി പങ്കുവയ്ക്കുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു.

മനുഷ്യരുടെയിടയിൽ ദൈവത്തിന്റെ രക്ഷ പ്രാവർത്തികമാകുമ്പോൾ ഇപ്രകാരമുള്ള ത്രിവിധ വിപ്ലവങ്ങൾ അഥവാ മാറ്റങ്ങൾ മനുഷ്യസമൂഹത്തിലുണ്ടാകും. അതിന്റെ ഫലമായി സ്നേഹവും സാഹോദര്യവും സമൂഹത്തിൽ സംജാതമാകും. ഇപ്രകാരം ദൈവത്തിന്റെ രക്ഷ മനുഷ്യസമൂഹത്തിൽ യാഥാർത്ഥ്യമാകുമെന്ന് പരിശുദ്ധ കന്യകാമറിയത്തിന്റെ കീർത്തനം വ്യക്തമാക്കുന്നു.

**ഉപസംഹാരം**

ഇസ്രായേലിന്റെ ദൈവം പൂർവ്വപിതാവായ അബ്രാഹത്തോടു ചെയ്ത വാഗ്ദാനത്തിൽ വിശ്വസ്തനാണ് എന്ന് കീർത്തനം എടുത്തുപറയുന്നു. ഇസ്രായേലിന്റെ പൂർവ്വപിതാക്കളോട് ദൈവം ചെയ്ത വാഗ്ദാനം അനുസ്മരിച്ചുകൊണ്ട് അവരുടെ സന്തതികളോട് അവിടുന്നു കരുണയുള്ളവനായിരിക്കുമെന്നാണ് ഇവിടെ പറയുന്നത്. മറിയത്തിന്റെ ഉദരത്തിൽ മിശിഹാ ജന്മം കൊണ്ടിരിക്കുന്നതുതന്നെ വാഗ്ദാനത്തിലുള്ള ദൈവത്തിന്റെ വിശ്വസ്തതയുടെ വലിയ അടയാളമാണ്. മിക്കാ 7,20-ൽ ഇതേ രീതിയിൽ ദൈവത്തിന്റെ വിശ്വസ്തതയെപ്പറ്റിയും കരുണയെപ്പറ്റിയും പറയുന്നുണ്ട്: "പൂർവ്വകാലംമുതൽ ഞങ്ങളുടെ പിതാക്കന്മാരോടു ശപഥംചെയ്ത വിശ്വസ്തത യാക്കോബിനും കാരുണ്യം അബ്രാഹത്തിനും അങ്ങ് പ്രദാനം ചെയ്യും". പിതാക്കന്മാരോടും ദാവീദിനോടും ദൈവം ചെയ്ത വാഗ്ദാനങ്ങൾ അനുസ്മരിച്ചുകൊണ്ടാണ് മറിയത്തിന്റെ സ്തോത്രഗീതം സമാപിക്കുന്നത്.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# ക്രിസ്തുമസ് ചെറുതാകലിലെ വലുതാകൽ

സുജ ചോതിരക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**അ**പ്പന്റെ എൺപതാം ജന്മദിനം ആഘോഷമാക്കാൻ മക്കളെല്ലാവരും തീരുമാനിച്ചു. ജന്മദിനം എങ്ങനെ പൊടിപൊടിക്കണമെന്ന് ചർച്ച ആരംഭിച്ചു. സമൂഹത്തിലെ ഉന്നതരായ പലരെയും വിളിക്കണമെന്നും സദ്യ ഗംഭീരമാക്കണമെന്നുള്ള അഭിപ്രായങ്ങൾ ഉയർന്നുവന്നു. ചർച്ചയുടെ അവസാനം അവർക്ക് ഒരു സംശയം. പിന്നീടതായി ചർച്ച. അപ്പനു വയസ്സായി തൊലിയൊക്കെ ചുക്കിച്ചുളിഞ്ഞു. കാണാനൊന്നും ഭംഗിയില്ല. തങ്ങളുടെ സ്റ്റാറ്റസിന് ചേരാത്ത അപ്പച്ചനെ ജന്മദിനത്തിൽ അന്ന് എവിടെ ഇരുത്തും. മൂത്തവർ തുടങ്ങി ഇളയവർ വരെയുള്ളവർ പല അഭിപ്രായങ്ങളും പറഞ്ഞു. ചർച്ച എങ്ങുമെത്താതെ ആയപ്പോൾ ഇളയ മകൻ പറഞ്ഞു. വീട്ടിൽ എവിടെ ഇരുത്തിയാലും അപ്പനെ കാണും. അതുകൊണ്ട് നമുക്കപ്പനെ തൊഴുത്തിൽ ഇരുത്താം. അങ്ങനെ അപ്പനെ തൊഴുത്തിലിരുത്തി അപ്പന്റെ ജന്മദിനം മക്കൾ ആഘോഷമാക്കി!!!

ക്രിസ്തുമസ് ആഘോഷിക്കുവാൻ ഈ വർഷവും നാം ഒരുങ്ങുകയാണല്ലോ. ആഘോഷങ്ങൾ പൊടിപൊടിക്കുമ്പോൾ ഈശോയുടെ സ്ഥാനം എവിടെയാണ്? ഹൃദയത്തിലോ അതോ തൊഴുത്തിലോ? നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങളുടെയെല്ലാം ആന്തരികചൈതന്യം എന്താണ്? മണ്ണിന്റെ മനുഷ്യനെ രക്ഷിക്കാൻ വിണ്ണിന്റെ നാഥൻ മണ്ണിലേയ്ക്ക് കുനിഞ്ഞിറങ്ങിയ സംഭവമാണ് മനുഷ്യാവതാരം. ദൈവം തന്റെ മകനെ ഈ മണ്ണിൽ കൂടിയിരുത്തിയ മഹനീയ സംഭവത്തിന്റെ ഓർമ്മയാണിത്. തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം നമ്മെ സ്നേഹിച്ച പിതാവായ ദൈവത്തിന്റെ സ്നേഹമാണ് പുൽക്കൂട്ടിൽ ജനിച്ച രക്ഷകനിൽ നാം കാണുക. എന്നാൽ നമ്മെത്തേടി മന്നിലേയ്ക്കിറങ്ങി വന്ന, നമുക്കായി ദൈവം അയച്ച രക്ഷകനെ നാം സ്വീകരിക്കുന്നുണ്ടോ? ഈശോ നമ്മുടെ മുമ്പിൽ തുറന്ന സ്നേഹത്തിന്റെ പാതയിലേയ്ക്ക് ഇറങ്ങി ചെല്ലുവാൻ നാം തയ്യാറാണോ?

മനുഷ്യനെ സ്നേഹിച്ച ദൈവം മനുഷ്യമക്കളുടെ ഇടയിൽ വാസമുറപ്പിക്കാനാണ് വന്നത്. സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയായിരുന്നു തന്നിൽ നിന്നും ഓടിയകലുന്ന മനുഷ്യനെ തേടിയിറങ്ങുന്ന ദൈവത്തിന്റെ സ്നേഹം. ശാന്തിയുടെയും സമാധാനത്തിന്റെയും പുതിയ സന്ദേശം അസ്വസ്ഥമായിരിക്കുന്ന മനസ്സുകൾക്കും

ഹൃദയങ്ങൾക്കും അവൻ നൽകി. ലോകത്തിന് നൽകാൻ കഴിയാത്ത ശാന്തിയും സമാധാനവും നൽകാനാണ് ഈശോ ആഗതനായത്.

ഈശോയുടെ ജനനത്തോടെ ദൈവം നമുക്ക് ഒരു സത്യംകൂടി വെളിപ്പെടുത്തിത്തന്നു. വ്യക്തിപരമായി നമ്മോടടുത്ത, അവിടുത്തെ അദൃശ്യതയെ ദൃശ്യമാക്കിത്തന്ന ദൈവം നമ്മെ വ്യക്തിപരമായി സ്നേഹിക്കുന്നുവെന്ന സത്യം. മനുഷ്യനോടുകൂടി വസിക്കുവാനാഗ്രഹിക്കുന്ന ദൈവം, മനുഷ്യഹൃദയങ്ങളിൽ പിറക്കുവാനാഗ്രഹിക്കുന്ന ദൈവം, നാമെല്ലാവരുടെയും ഹൃദയ കവാടത്തിങ്കൽ മുട്ടി വിളിക്കുകയാണ്. മകനേ, മകളേ, എനിക്ക് പിറക്കുവാൻ നിന്റെ ഹൃദയം തുറന്നുതരുമോ എന്നു ചോദിക്കുകയാണ്. നാം അവിടുത്തേയ്ക്ക് നമ്മുടെ ഹൃദയ കവാടങ്ങൾ തുറന്നു കൊടുക്കുവാൻ തയ്യാറാണോ? അതോ വെറും വൈക്കോൽ നിർമ്മിതമായ പുൽത്തൊട്ടിയാണോ അവിടുത്തേയ്ക്ക് പിറക്കാൻ ഒരുക്കുക? അവിടുന്നാഗ്രഹിക്കുന്നത് നമ്മുടെ ഹൃദയത്തിൽ പിറന്ന് നമ്മുടെ ഹൃദയത്തിന്റെ ചൂടനുഭവിക്കുവാനാണ്. അത് കൊടുക്കാൻ നാം തയ്യാറാണോ?

മറിയവും ജോസഫും പല വാതിലുകൾ മുട്ടിയെങ്കിലും ആരും വാതിൽ തുറന്നു കൊടുത്തില്ല. പലപ്പോഴും നമ്മുടെ ഹൃദയകവാടത്തിൽ നാം പൂവിട്ട് പൂജിക്കുന്ന വിശിഷ്ടാതിഥികളായി കരുതുന്ന സ്വാർത്ഥത, ധനം, സുഖഭോഗങ്ങൾ, ഇവയൊക്കെ മുട്ടി വിളിക്കുമ്പോൾ സന്തോഷത്തോടെ ഹൃദയം തുറന്നു കൊടുക്കുന്നു. ഈശോ വന്നു വിളിക്കുമ്പോൾ വാതിൽ സൗകര്യപൂർവം അടച്ചു കളയുകയും ചെയ്യുന്നു. അളവറ്റ അനുഗ്രഹങ്ങളുമായി ദൈവം നമ്മെ വിളിക്കുന്നു. നാം അവിടുത്തെ പക്കൽ ചെല്ലണമെന്നു മാത്രം.

രക്ഷകന്റെ സ്നേഹത്തിന് ഹൃദയങ്ങൾ തുറന്നു കൊടുത്തെങ്കിൽ മാത്രമേ അനുരഞ്ജനവും സമാധാനവും സംജാതമാകൂ. മനുഷ്യന്റെ അന്തരംഗത്തിന്റെ വിദ്വേഷം പൊട്ടിയൊഴുകി അതിന്റെ മാരകമായ ലാവാപ്രവാഹം എല്ലാറ്റിനെയും നശിപ്പിക്കുമ്പോൾ, ദൈവസ്നേഹത്തിനു മാത്രമേ അവനെ ഐക്യത്തിലേക്കും സമാധാനത്തിലേക്കും നയിച്ചുകൊണ്ട് തകർച്ചയിൽനിന്നും നാശത്തിൽ നിന്നും വിമുക്തി നൽകാൻ കഴിയുകയുള്ളു. മനുഷ്യന്റെ അതിരുകടന്ന ആത്മബോധത്തിന്റെ, അഹന്തയുടെ, ധിക്കാരത്തിന്റെ, സ്വാർത്ഥതയുടെ, നീരാളിപ്പിടുത്തത്തിൽ നിന്ന് അവനെ വിമുക്തനാക്കുവാൻ ഈശോയ്ക്കുമാത്രമേ സാധിക്കുകയുള്ളു. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി പാടിയ ദൈവദൂതന്മാർ ആശംസിച്ച നല്ല മനുഷ്യരുടെ അവകാശമായ സമാധാനം മാനവരാശിക്ക് ലഭ്യമാകുവാൻ ഈ ക്രിസ്തുമസ് ഇടയാക്കട്ടെ.

ദൈവദൂതൻ ഇടയന്മാരെ സദ്വാർത്ത അറിയിച്ചിട്ട് സ്വർഗത്തിലേക്കു പോവുകയാണ് ചെയ്തത്. നിങ്ങൾ വന്ന് ദിവ്യശിശുവിനെ കാണുവിൻ; ആരാധിക്കുവിൻ എന്നു പറഞ്ഞില്ല. അത് അവരുടെ സ്വാതന്ത്ര്യത്തിനു വിട്ടുകൊടുത്തു. അവർ സ്വമനസ്സാലെ ചെന്ന് ഈശോയെ കണ്ടാരാധിച്ചു, സായൂജ്യമടഞ്ഞു, അവർ കണ്ടനുഭവിച്ചറിഞ്ഞ ഈശോയെ മറ്റുള്ളവർക്കും അറിയുവാൻ അവസരം ഉണ്ടാക്കി കൊടുത്തു. നമുക്കും യഥാർത്ഥ സമാധാനമായ മിശിഹായെ സ്വീകരിക്കുവാൻ നമ്മുടെ ഹൃദയത്തെ ഒരുക്കാം. കാപട്യത്തിൽനിന്നും വഞ്ചനയിൽനിന്നും അസൂയയിൽനിന്നും ഒഴിഞ്ഞു മാറാം. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും" (മത്താ 5,8). ദൈവത്തെ കാണാൻ അവസരം ലഭിച്ച ആട്ടിടയന്മാരുടെ മനോഭാവം നമ്മിൽ രൂപപ്പെടുത്താം. മറിയത്തിന്റെയും ജോസഫിന്റെയും ത്യാഗവും സഹനവും പരസ്പര സ്നേഹവും നമ്മുടെ ഹൃദയങ്ങളിലും സംജാതമാക്കുന്നതിനുവേണ്ടി കാലിത്തൊഴുത്തിൽ പിറന്ന ഈശോയെ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് നമുക്കവിടുത്തോട് പ്രാർത്ഥിക്കാം, ഈശോയെ, നിനക്ക് പിറക്കുവാൻ എന്റെ ഹൃദയത്തെ ഒരുക്കണമേയെന്ന്.



നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം:
1700-ാം വാർഷികത്തിൽ ഒരു ധ്യാനാത്മക വായന - 08

# മരണാനന്തരജീവിതത്തിലുള്ള വിശ്വാസം

**റവ. ഫാ. ജോസഫ് ഈറ്റോലിൽ**
**ചങ്ങനാശ്ശേരി അതിരൂപത**

**ആമുഖം**

നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിൽ പിതാക്കന്മാർ പകർന്നുനൽകിയ അതിശ്രേഷ്ഠമായ വിശ്വാസപ്രമാണത്തിന്റെ അവസാനഭാഗമാണ് ഈ ലേഖനത്തിൽ ധ്യാനിക്കുന്നത്. സ്രഷ്ടാവായ പിതാവിലും രക്ഷകനായ പുത്രനിലും വിശുദ്ധീകരിക്കുന്നവനായ റൂഹായിലും രക്ഷയുടെ കൂദാശയായ സഭയിലുമുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനുശേഷം വിശുദ്ധ കൂദാശകളിലും മരണാനന്തരജീവിതത്തിലുള്ള വിശ്വാസമാണ് നാം പ്രധാനമായും ഏറ്റുപറയുന്നത്. ക്രിസ്തീയവിശ്വാസം ലക്ഷ്യം വച്ചിരിക്കുന്നതുതന്നെ ഇഹലോകജീവിതത്തിന്റെ അവസാനം സ്വർഗത്തിൽ എത്തിച്ചേർന്ന് മാലാഖമാരോടൊപ്പം പരമപിതാവിനു ആരാധനയും സ്തുതികളും അർപ്പിക്കുക എന്നതാണ്. മനുഷ്യജീവിതത്തിന്റെയും ലോകം മുഴുവന്റെയും അവസാനത്തിനുമപ്പുറമുള്ള രഹസ്യങ്ങളാണ് വിശ്വാസപ്രമാണത്തിന്റെ അവസാനഭാഗത്ത് നാം ഏറ്റുചൊല്ലുന്നത്.

**1. പാപമോചനത്തിനുള്ള ഏക മാമോദീസാ**

ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിൽ നാം പുണ്യവാന്മാരുടെ ഐക്യം എന്നൊരു കാര്യം ഏറ്റുപറയുന്നുണ്ട്. പാപങ്ങളുടെ മോചനം റൂഹായുടെ പ്രവർത്തനത്തോടുമാത്രമല്ല, സഭയോടും പുണ്യവാന്മാരുടെ ഐക്യത്തോടും ചേർത്തുവെച്ചാണ് ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം മനസ്സിലാക്കുന്നത്. റൂഹായുടെ വരവാണ് ശ്ലീഹന്മാർക്ക് പാപമോചനത്തിനുള്ള അധികാരം നൽകുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "ഈശോ വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,21-23).

പാപങ്ങളുടെ മോചനം സഭയിലൂടെയാണ് നൽകപ്പെടുന്നത്. മിശിഹായുടെ രക്ഷാകര പ്രവർത്തനത്തിന്റെ ഫലം ഇന്ന് മനുഷ്യർക്കു നൽകപ്പെടുന്നത് വിശുദ്ധീകരണോപാധികളായ കൂദാശകളിലൂടെയാണ്. മാമോദീസാ, കുമ്പസാരം, രോഗീലേപനം എന്നീ കൂദാശകളും പരിശുദ്ധ കുർബാനയും നമ്മുടെ പാപങ്ങളെ കഴുകിക്കളയുന്ന കൂദാശകളാണ്. സഭയ്ക്ക് മോചിക്കാനാവാത്ത പാപമില്ല. എത്ര കഠോരമായ പാപവും, അനുതാപത്തോടെ കടന്നുവരുമ്പോൾ, കർത്താവിന്റെ കരുണാസാഗരത്തിൽ മായ്ച്ചുകളയപ്പെടും. കർത്താവ് അരുളിച്ചെയ്യുന്നു: "വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്തവർണമെങ്കിലും കമ്പിളിപോലെ വെളുക്കും" (ഏശയ്യാ 1,18).

**2. ശരീരങ്ങളുടെ ഉയിർപ്പ്**

മരണത്തോടെ അവസാനിക്കുന്ന ഒന്നല്ല വിശ്വാസിയുടെ ജീവിതം. മരണത്തിനുമപ്പുറം മരണത്തെ ജയിച്ച നാഥനോടൊപ്പം ഒരു ജീവിതമുണ്ട്. വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നു, "മിശിഹാ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതായി പ്രഘോഷിക്കപ്പെടുന്നെങ്കിൽ മരിച്ചവർക്കു പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്നതെങ്ങനെ? മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല" (1 കൊറി 15,12-13). മിശിഹായുടെ ഉയിർപ്പെന്നപോലെ നമ്മുടെ ഉയിർപ്പും പരിശുദ്ധ ത്രിത്വത്തിന്റെ പ്രവർത്തനഫലമായിരിക്കും. ഇവിടെ ശരീരമെന്ന പദം വിവക്ഷിക്കുന്നത് പദാർത്ഥബദ്ധമായ യാഥാർത്ഥ്യത്തെയല്ല. മറിച്ച് മനുഷ്യന്റെ മർത്യതയും ബലഹീനതയുമാണ് അത് സൂചിപ്പിക്കുന്നത്. വിശുദ്ധ പൗലോസ് ശ്ലീഹാ ഉയിർപ്പിക്കപ്പെടുന്ന ശരീരത്തെപ്പറ്റി ഇങ്ങനെയാണ് പറയുന്നത്: "ഇപ്രകാരം തന്നെയാണു മരിച്ചവരുടെ പുനരുത്ഥാനവും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു; അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. അവമാനത്തിൽ വിതയ്ക്കപ്പെടുന്നു; മഹിമയിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു; ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. വിതയ്ക്കപ്പെടുന്നതു ഭൗതികശരീരം, പുനർജീവിക്കുന്നത് ആത്മീയശരീരം. ഭൗതികശരീരമുണ്ടെങ്കിൽ ആത്മീയ ശരീരവുമുണ്ട്" (1 കൊറി 15,42-44). മരണാനന്തരജീവിതത്തിൽ നമ്മുടെ ആത്മാവോടൊപ്പം നമ്മുടെ വൈയക്തികമായ, നമ്മെ വ്യതിരിക്തരാക്കുന്ന യാഥാർഥ്യവുമുണ്ടാവും. മരണം ഒന്നിന്റെയും അവസാനമല്ലെന്നും നിത്യമായ ജീവിതത്തിലേക്ക് വിശ്വാസി പ്രവേശിക്കുന്ന കവാടം മാത്രമാണ് മരണമെന്നും വിശ്വാസപ്രമാണം നമ്മെ ഓർമിപ്പിക്കുന്നു.

### 3. നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു

"കർത്താവിന്റെ ദിനം കള്ളനെപ്പോലെ വരും. അപ്പോൾ ആകാശം വലിയ ശബ്ദത്തോടെ അപ്രത്യക്ഷമാകും. മൂലപദാർത്ഥങ്ങൾ എരിഞ്ഞു ചാമ്പലാകും. ഭൂമിയും അതിലുള്ള സമസ്തവും കത്തിനശിക്കും" (2 പത്രോസ് 3,10). ആരംഭമുള്ളതിനെല്ലാം ഒരവസാനമുണ്ടെന്നത് സാമാന്യ യുക്തിയിൽ അനുമാനിക്കാവുന്ന ഒരു സത്യമാണ്. പ്രപഞ്ചവും അതിലുള്ള സമസ്തവും സൃഷ്ടിയിൽ ആരംഭിച്ചതാണ്. അതിനാൽത്തന്നെ ഒരുനാൾ പദാർത്ഥങ്ങളുടെ ഈ ലോകം അവസാനിക്കും. ഓരോ മനുഷ്യനും തന്റെ ജീവിതത്തിന്റെ അവസാനമാണ് മരണം. മരണത്തിനുശേഷം വിധിയെന്നാണ് നാം മനസിലാക്കുന്നത് - ഒരു വ്യക്തിയുടെ മരണസമയത്ത് അദ്ദേഹത്തിന്റെ വ്യക്തിപരമായ തനതുവിധിയും ലോകാവസാനത്തിൽ പൊതുവിധിയും. "മനുഷ്യപുത്രൻ എല്ലാ ദൂതൻമാരോടുംകൂടെ മഹത്ത്വത്തിൽ എഴുന്നള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചു കൂട്ടപ്പെടും. ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും" (മത്തായി 25,31-33). ഒരു വ്യക്തിയുടെ ജീവിതത്തിലെ നന്മതിന്മകൾക്കനുസരണമാണ് ഒരുവൻ വിധിക്കപ്പെടുന്നത്. നീതിമാനും കാരുണ്യവാനുമായ ദൈവം നീതിപൂർവകമായ കരുണയോടെ പ്രവൃത്തികൾക്കനുസരണം നമ്മെ വിധിക്കും. സ്വർഗം, നരകം, ശുദ്ധീകരണസ്ഥലം എന്നീ മരണാന്തരയാഥാർഥ്യങ്ങളിലേക്ക് നാം നയിക്കപ്പെടുകയും ചെയ്യും.

പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടുന്ന സമയം സമാഗതമാകാൻ നാം ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. "സൃഷ്ടി ജീർണതയുടെ അടിമത്തത്തിൽനിന്നു മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും. സമസ്ത സൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നു എന്നു നമുക്കറിയാം. സൃഷ്ടി മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പാകുന്ന പുത്രത്വലബ്ധി പ്രതീക്ഷിച്ചുകൊണ്ട് ആന്തരികമായി വിലപിക്കുന്നു. ഈ പ്രത്യാശയിലാണ് നാം രക്ഷ പ്രാപിക്കുന്നത്" (റോമാ 8,21-24).

ഈ വിചിന്തന പരമ്പരയുടെ അവസാനഭാഗവും പൂർത്തിയാകുമ്പോൾ വിശുദ്ധ പൗലോസ് ശ്ലീഹയോടുചേർന്ന് നമുക്കു പ്രാർത്ഥിക്കാം: "സമസ്തവും അവിടുത്തേക്ക് അധീനമായി കഴിയുമ്പോൾ സമസ്തവും തനിക്ക് അധീനമാക്കിയവന് പുത്രൻതന്നെയും അധീനനാകും. ഇത് ദൈവം എല്ലാവർക്കും എല്ലാമാകേണ്ടതിനുതന്നെ" (1 കൊറി 15,28). ദൈവമേ, ഞങ്ങൾക്ക് എല്ലാമാകണമേ....

(അവസാനിച്ചു)

**മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്**

പ്രതീക്ഷകളുടെ പൂമൊട്ടുകൾക്കു നല്കിക്കൊണ്ടിരിക്കുന്ന എല്ലാ സഹായങ്ങൾക്കും ഏറെ നന്ദി. വരിസംഖ്യാകാലാവധി അവസാനിച്ചിരിക്കുന്നവർ എത്രയും പെട്ടെന്നുതന്നെ അതു പുതുക്കുവാൻ ശ്രദ്ധിക്കുമല്ലോ (വാർഷിക വരിസംഖ്യ 100 രൂപ).

**G-Pay No: 8078091348**

അക്കൗണ്ടിലേക്കു ട്രാൻസ്ഫർ ചെയ്യുവാൻ:

**South Indian Bank, Kanjikuzhy / Account Name: Pratheekshayude Poomottukal**

**Account No: 0315053000014349 / IFSC : SIBL0000315**

അക്കൗണ്ടിലേക്കു പണം ട്രാൻസ്ഫർ ചെയ്യുന്നവർ തങ്ങളുടെ അഡ്രസ്സ് വാട്ട്സ്ആപ്പിലൂടെ (**9497588192**) അറിയിക്കുവാൻ മറക്കരുതേ. നന്ദി.



# ഈ പോക്ക് എങ്ങോട്ട്?

**സി.സി. കുഞ്ഞുകൊച്ച്**
**ചീരംകുളം, ഇരവിനല്ലൂർ**

**വ**ഴിതെറ്റിയ യുവതലമുറയുടെ യാത്ര എങ്ങോട്ട്? വിദ്യാർത്ഥിസമൂഹത്തിലെ അച്ചടക്കരാഹിത്യം സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കാറുണ്ട്. അവരുടെ ഇടയിൽ ലഹരിയുടെ അതിപ്രസരമാണ്. യുവതലമുറയിൽ സുബോധം നഷ്ടപ്പെട്ടവരുടെ എണ്ണവും ഏറെയാണ്. കുറ്റവാളികൾ കുടുംബത്തിൽതന്നെ രൂപപ്പെടുന്നു! മകൻ പെറ്റമ്മയെ വെട്ടിക്കൊല്ലുന്നു. സഹോദരൻ സഹോദരനെ ശ്വാസംമുട്ടിച്ചുകൊല്ലുന്നു! മാതാപിതാക്കളോടു സ്നേഹവും കരുതലുമില്ലാത്ത മക്കൾ!

മക്കൾ ഓർക്കുക, ഓർത്തിരിക്കുക: "പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും; അമ്മയുടെ ശാപം അവയുടെ അടിത്തറ ഇളക്കും" (പ്രഭാ 3,9).

യുവതലമുറയുടെ ഈ മാറ്റത്തിനു കാരണം എന്ത്? ദൈവകരങ്ങളിൽനിന്നു പിടിവിട്ടുള്ള സഞ്ചാരമല്ലേ ഈ ദുരന്തങ്ങൾക്കു കാരണം?

ഒരു കുഞ്ഞുകഥ ഇവിടെ കുറിക്കട്ടെ. ഒരു ഡാഡിയും മമ്മിയും പഞ്ചനക്ഷത്രഹോട്ടലിൽ ഇരുന്നു ഭക്ഷണം കഴിക്കുകയാണ്. അവരുടെ ഒരു സുഹൃത്ത് അവിടേക്കു കടന്നുവരുന്നു. എന്താ പതിവില്ലാതെ? സുഹൃത്തിന്റെ ചോദ്യം. ഞങ്ങളുടെ മോന്റെ നാലാമതു ജന്മദിനമാണ്, ഡാഡിയുടെ മറുപടി. മോനെവിടെ? സ്നേഹിതന്റെ ചോദ്യം. അവനെ കൂടെകൂട്ടിയാൽ ഭക്ഷണം ആസ്വദിച്ചു കഴിക്കാൻപോലും സാധിക്കുകയില്ല. അത്ര കുസൃതിയാണ്, മമ്മി വിശദീകരിച്ചു. ഈ കഥയെ അടിസ്ഥാനമാക്കിയൊന്നു മാറി ചിന്തിക്കുകയാണ്. 'ദൈവത്തെ കൂടെ കൂട്ടിയാൽ അധാർമ്മികതയുടെ തോഴരാകാൻ സാധിക്കില്ലല്ലോ'. ഇങ്ങനെയൊക്കെയായിരിക്കും യുവതലമുറയിലെ പലരുടെയും വീക്ഷണം.

ആദ്യത്തെ പാഠശാല കുടുംബമാണല്ലോ. ആദ്യഗുരു അമ്മയും. അതുകൊണ്ടല്ലേ നെപ്പോളിയൻ ബോണപ്പാർട്ട് ഇപ്രകാരം പറഞ്ഞത് "എനിക്കു നിങ്ങൾ കുറേ നല്ല അമ്മമാരെ തരൂ, ഞാൻ നിങ്ങൾക്കു ഒരു നല്ല രാഷ്ട്രം തിരിച്ചു നല്കാം" എന്ന്.

സ്നേഹത്തോടും കരുതലോടുംകൂടി മാതാപിതാക്കൾ മക്കളെ ചേർത്തുപിടിക്കണം. അപ്പോൾ മക്കൾ ഇപ്രകാരം ചിന്തിക്കും "ഞാൻ വഴിതെറ്റിയാൽ എന്റെ അപ്പനും അമ്മയും വേദനിക്കും". കുടുംബത്തിൽനിന്നു സ്നേഹവും കരുതലും ലഭിക്കാതെ വരുമ്പോഴാണ് അതു ലഭിക്കുന്ന വഴിതേടി മക്കൾ പോകുന്നത്. മാതാപിതാക്കളുടെ മാതൃകാജീവിതം മക്കളുടെ ഹൃദയങ്ങളെ ആഴത്തിൽ സ്വാധീനിക്കും. ഈശോയെ സ്നേഹിക്കുവാനും പിന്തുടരാനും മക്കളെ പരിശീലിപ്പിക്കണം. "മകനു ശിക്ഷണം നല്കുക, അവൻ നിനക്കു ആശ്വാസഹേതുവാകും. നിന്റെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുകയും ചെയ്യും" (സുഭാ 29,17).

കുട്ടികളും യുവാക്കളും സാമൂഹ്യതിന്മകളിൽ വഴുതിവീണാൽ സമൂഹത്തിലും കുടുംബങ്ങളിലുമുണ്ടാകുന്ന പ്രത്യാഘാതം രൂക്ഷമായിരിക്കും. അത് ഇന്നത്തെ ദുരിതങ്ങളും നാളത്തെ ദുരന്തങ്ങളുമായിരിക്കും. ലഹരിവസ്തുക്കൾ സർവ്വവ്യാപിയായിരിക്കുന്നു. മക്കളെ ഭയന്നു ജീവിക്കുന്ന മാതാപിതാക്കൾ കേരളത്തിലിന്നുണ്ട് എന്നത് ഒരു വസ്തുതയാണ്.

ഒരു അഭിഭാഷകനു തെറ്റുപറ്റിയാൽ അതിന്റെ ബലിവസ്തു കഴുമരത്തിൽ തൂങ്ങേണ്ടി വരും. ഒരു ഡോക്ടർക്കു തെറ്റുപറ്റിയാൽ അതു ശവക്കുഴിയിൽ മറവു ചെയ്യും. ഒരു എൻജിനീയർക്കും തെറ്റുപറ്റിയാൽ അദ്ദേഹവുംകൂടി മൃതിയടഞ്ഞു എന്നു വരാം. എന്നാൽ മാതാപിതാക്കൾക്കു തെറ്റുപറ്റിയാൽ അതിന്റെ ദുരന്തഫലം അവരെ നോക്കി പല്ലിളിച്ചുകൊണ്ട് പരിഹസിച്ചുകൊണ്ട് മരണംവരെ അല്ല അതിനപ്പുറവും നിന്നെന്നുവരാം.

ഇന്നത്തെ ക്രൂര-നീച പ്രവൃത്തികൾ വാർത്താമാധ്യമങ്ങളിൽ വായിക്കുമ്പോൾ ഓർമ്മയിലെത്തുന്നത് ഒരു തിരുവചനമാണ്. വിസ്താരഭയത്താൽ ആ വചനം കുറിച്ചുകൊണ്ട് "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതു മാത്രമാണെന്നും കർത്താവു കണ്ടു. ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവു പരിതപിച്ചു. അത് അവിടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു. ഭൂമി ദുഷിച്ചുപോയെന്നു ദൈവം കണ്ടു. ലോകത്തിൽ മനുഷ്യരെല്ലാം ദുർമാർഗികളായി. ദൈവം നോഹയോട് അരുളിച്ചെയ്തു: ജീവജാലങ്ങളെയെല്ലാം നശിപ്പിക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. അവർമൂലം ലോകം അധർമംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഭൂമിയോടുകൂടി അവരെ ഞാൻ നശിപ്പിക്കും" (ഉല്പത്തി 6,5-6.12-13).

# ഒരു അന്വേഷണത്തിന്റെ കഥ



മേരിക്കുട്ടി കുരിശുംമൂട്ടിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഈ**ശോമിശിഹായ്ക്കുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെ പോലെ കാണപ്പെട്ടു. മരണംവരെ – അതേ കുരിശുമരണം വരെ – അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ. ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു" (ഫിലി 2,5–9).

വിശുദ്ധ ഗ്രന്ഥത്തിന്റെ ആരംഭംമുതൽ അവസാനംവരെ ദൈവം സ്നേഹിച്ച, ദൈവത്തെ സ്നേഹിച്ച കുറെയേറെ വ്യക്തികളെയും എന്നാൽ ദൈവത്തിന്റെ സ്നേഹത്തോടു മറുതലിച്ച് അവനവനെത്തന്നെ സ്നേഹിച്ച വ്യക്തികളെയും നാം കണ്ടുമുട്ടുന്നുണ്ട്. ആദിമാതാപിതാക്കളായ ആദവും ഹവ്വയും ദൈവം നൽകിയ സ്നേഹം സ്വീകരിച്ചില്ല. അവർ സ്വയം സ്നേഹിച്ചു. അതുകൊണ്ടുതന്നെ ദൈവത്തിൽനിന്നും അകന്നു നടക്കാൻ ശ്രമിച്ചു. എന്നാൽ ദൈവം മനുഷ്യനെ ഉപേക്ഷിച്ചില്ല. അവനെ അന്വേഷിച്ചിറങ്ങുന്ന ദൈവത്തെ ഉല്പത്തിപ്പുസ്തകത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്. ദൈവത്തിൽനിന്നും അകലാനുള്ള മനുഷ്യന്റെ ത്വരയും മനുഷ്യനെ തന്നിലേക്ക് അടുപ്പിക്കാനുള്ള ദൈവത്തിന്റെ ആഗ്രഹവും തുടർന്നുകൊണ്ടേയിരുന്നു. മനുഷ്യന്റെ ഹൃദയത്തിൽ ഇടം നേടുവാൻ, അവനെ തന്നിലേക്കു തിരികെ കൊണ്ടുവരുവാൻ അവിടുന്ന് അശ്രാന്തം പരിശ്രമിച്ചു.

പഴയനിയമത്തിൽ നാം കാണുക ഈ അന്വേഷണത്തിന്റെ കഥയാണ്. മനുഷ്യനു വേണ്ടിയുള്ള ദൈവത്തിന്റെ സ്വരമായി പ്രവാചകന്മാർ പ്രത്യക്ഷപ്പെടുന്നു. എന്നാൽ സ്വയം സ്നേഹിക്കുകയും തന്റേതായ ഇഷ്ടങ്ങളിലൂടെമാത്രം നടന്നു നീങ്ങുവാൻ ആഗ്രഹിക്കുകയും

ചെയ്തിരുന്ന മനുഷ്യൻ ഓരോ പ്രവാചകനും സമ്മാനിച്ചത് രക്തസാക്ഷിത്വമായിരുന്നു. പ്രവാചകന്മാരിലൂടെയുള്ള ദൈവസ്വരം ലോകം ശ്രവിക്കുന്നില്ല. മടുത്തു പിന്മാറാൻ ആഗ്രഹിക്കാത്ത ദൈവം അവസാനമായി തന്റെ പുത്രനെത്തന്നെ ലോകത്തിന്റെ രക്ഷയ്ക്കായി അയക്കുന്നു. പക്ഷേ ലോകം അവനെയും കുരിശിൽ തറച്ചു. ഒരു ഭാഗത്ത് ലോകത്തിൽ ഉൾച്ചേർന്നുകൊണ്ട് ലോകത്തെ രക്ഷിക്കാൻ ആഗ്രഹിക്കുന്ന ഈശോ. മറുവശത്ത് രക്ഷിക്കാൻ ആഗ്രഹിക്കുന്ന ഈശോയെ കുരിശിൽ തറയ്ക്കുന്ന ലോകം.

ഈ ഒരു സങ്കീർണാവസ്ഥ തുടർന്നുകൊണ്ടിരിക്കുന്ന ഒരു ലോകത്തിന്റെ മധ്യത്തിൽ ജീവിക്കുന്ന എന്റെയും നിങ്ങളുടെയും ജീവിതത്തിലേക്ക് ഒരു ഓർമ്മപ്പെടുത്തലായി, ഒരു ചോദ്യചിഹ്നമായി ഒരു ക്രിസ്തുമസ്കൂടി കടന്നുവരുന്നു. രണ്ടായിരത്തിലേറെ വർഷങ്ങൾ പിന്നിട്ട ഈ സ്നേഹത്തിന്റെ ദൂതിനെ, നമ്മുടെ രക്ഷകനെ ജീവിതത്തോടു ചേർത്ത് നിർത്തുവാൻ, അവൻ ഏകുന്ന രക്ഷയുടെ അനുഭവം ഉൾക്കൊള്ളുവാൻ നാം സന്നദ്ധരാണോ? സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സദ്വാർത്തയുമായി ഈ ലോകത്തിലേക്ക് കടന്നുവന്ന ഉണ്ണി മിശിഹാ എന്റെ ഹൃദയമാകുന്ന പുൽക്കൂട്ടിൽ പിറക്കണമെന്ന ഒരു തിരിച്ചറിവ് നാമോരോരുത്തർക്കുമുണ്ടാകണം. ക്രിസ്താനുകരണം നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നുണ്ട്: "ആത്മീയ മനുഷ്യൻ ഏറ്റവും ചെറിയവനാകാൻ ആഗ്രഹിക്കുന്നു. ഏറ്റവും താഴ്ന്ന സ്ഥാനത്ത് ആയിരിക്കുന്നതിൽ സമാധാനവും സംതൃപ്തിയും അനുഭവിക്കുന്നു. ലോകത്തിൽ നിന്ദ്യനും അപകൃഷ്ടനും അപ്രസിദ്ധനും ആകാൻ ആഗ്രഹിക്കുകയും അതിൽ സംതൃപ്തനാവുകയും ചെയ്യുന്നു".

തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച ഈശോയിലേക്ക് നാം വളരണം. പാസ്സിയിലെ വിശുദ്ധ മേരി മഗ്ദലന പറയുന്നു: "സ്വയംസ്നേഹം ഒരു ചെടിയുടെ വേര് കാർന്നുതിന്നുന്ന കീടം പോലെയാണ്. അത് ഫലത്തെ മാത്രമല്ല ചെടിയെത്തന്നെ നശിപ്പിക്കുന്നു. നാം ഏറ്റവും അധികം ഭയപ്പെടേണ്ട ഒറ്റുകാരൻ സ്വയംസ്നേഹമാണ്. യൂദാസ് ചുംബനത്താൽ കർത്താവിനെ വഞ്ചിച്ചതുപോലെ സ്വയംസ്നേഹം നമ്മെ വഞ്ചിക്കുന്നു". അതെ നമ്മുടെ ആത്മീയജീവിതത്തിന്റെ വലിയ ശത്രു നാം തന്നെയാണ്.

ഒരു പഴയ കഥ ഓർമ്മ വരികയാണ്. ഒരു സന്യാസി തന്റെ ആശ്രമാധിപനോട് പറഞ്ഞു: ''എനിക്ക് ആശ്രമത്തിലെ ജോലികളൊക്കെ ഇഷ്ടമാണ്. അവയെല്ലാം പെട്ടെന്ന് ഞാൻ ചെയ്തുതീർക്കും. എന്നാൽ എന്റേതായ ചില ജോലികൾ! അത് എന്നെ വല്ലാതെ ഭാരപ്പെടുത്തുന്നു". "എന്താണത്?" എന്ന ചോദ്യത്തിന് സന്യാസി മറുപടി പറഞ്ഞു: "ഞാൻ രണ്ടു കഴുകന്മാരെ നിയന്ത്രിക്കുന്നു. രണ്ടു കുതിരകളെ കടിഞ്ഞാണിട്ട് നിർത്തുന്നു. രണ്ടു പരുന്തുകളെ പരിശീലിപ്പിക്കുന്നു. ഒരു സിംഹത്തെ മെരുക്കി എടുക്കുന്നു. ഒരു മൂർഖൻ പാമ്പിനെ കീഴടക്കി വയ്ക്കുന്നു. ഒരു രോഗിയെ പരിചരിക്കുന്നു''. ''ഞാനിതൊന്നും ഇതുവരെ കണ്ടിട്ടില്ലല്ലോ?" എന്ന് ആശ്രമാധിപൻ പറഞ്ഞപ്പോൾ സന്യാസി വിവരിച്ചു: "രണ്ടു കഴുകന്മാർ എന്റെ കണ്ണുകളാണ്. രണ്ടു കുതിരകൾ എന്റെ കാലുകൾ. രണ്ടു പരുന്തുകൾ എന്റെ കൈകൾ. സിംഹം എന്റെ മനസ്സ്, ചിന്ത, വികാരവിചാരങ്ങൾ. മൂർഖൻ പാമ്പ് എന്റെ നാവ്. ഞാൻ പരിചരിക്കുന്ന രോഗി എന്റെ ശരീരമാണ്".

നമ്മെ കീഴടക്കാനുള്ള മാർഗം എളിമ അഭ്യസിക്കുകയാണ്. ഈശോ വി. ഫൗസ്റ്റീനയോട് ഇങ്ങനെ പറയുന്നു: ''എന്റെ മഹിമ അഗ്രാഹ്യമാംവിധം ഉന്നതമാണെങ്കിലും ഞാൻ എളിയവരുമായി മാത്രമേ ഐക്യപ്പെടുകയുള്ളൂ''. ഈശോയുമായി ഐക്യപ്പെടാൻ എളിമയുടെയും ശൂന്യവൽക്കരണത്തിന്റെയും പാത പിന്തുടരുവാൻ നമുക്കു സാധിക്കട്ടെ.



# മനാസ്സെ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

യൂദാരാജാവായ ഹെസക്കിയായുടെ കാലശേഷം മകൻ മനാസ്സെ രാജാവായി. രാജാവാകുമ്പോൾ അവന് 12 വയസ്സു പ്രായമായിരുന്നു; 55 വർഷം അവൻ ജറുസലേമിനെ ഭരിച്ചു. ഹെഫ്സീബാ ആയിരുന്നു അവന്റെ അമ്മ. ദൈവമായ കർത്താവ് ഇസ്രായേൽ ജനത്തിന്റെ മുമ്പിൽനിന്നു തുരത്തിയ ജനതകളുടെ ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് കർത്താവിന്റെ മുമ്പിൽ മനാസ്സെ തിന്മ പ്രവർത്തിച്ചു. തന്റെ പിതാവ് നശിപ്പിച്ച വിജാതീയ പൂജാഗിരികളും വിഗ്രഹങ്ങളും അവൻ പുനഃസ്ഥാപിച്ചു. ബാലിന് ബലിപീഠങ്ങളും അഷേരാ പ്രതിഷ്ഠയും നിർമ്മിക്കുകയും ആകാശഗോളങ്ങളെ സേവിക്കാൻ ആരംഭിക്കുകയും ചെയ്തു. ദേവാലയ അങ്കണത്തിലും ആലയത്തിലും ബലിപീഠം ഉണ്ടാക്കി വിജാതീയ പൂജയാരംഭിച്ചു. തന്റെ പുത്രനെ അഗ്നിപ്രവേശനം നടത്തുകയും വാരഫലം, ശകുനം, ആഭിചാരം, മന്ത്രവാദം എന്നീ ദുരാചാരങ്ങൾ അനുഷ്ഠിച്ചുപോരുകയും ചെയ്തു. ഈവിധം വളരെയധികം തിന്മകൾ പ്രവർത്തിച്ച് കർത്താവിനെ പ്രകോപിപ്പിച്ചു. കർത്താവ് എന്നേക്കും വസിക്കുമെന്ന് ദാവീദിനോട് പറഞ്ഞ ആലയത്തിൽ മനാസ്സെ അഷേരാവിഗ്രഹം നിർമ്മിച്ചു പ്രതിഷ്ഠിച്ചു. അങ്ങനെ വിജാതീയ ജനതകൾ ചെയ്തതിനേക്കാൾ വളരെ കൂടുതൽ തിന്മകൾ അവൻ ചെയ്യുകയും, യൂദാജനതയെ കൊണ്ട് തിന്മകൾ ചെയ്യിക്കുകയും ചെയ്തു. തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ഈശ്വരവിശ്വാസത്തിന് ഏറെ ക്ഷതമേല്പ്പിക്കാൻ മാത്രം മനാസ്സെ വളർന്നു. പിതാവായ ഹെസക്കിയായുടെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ചതിന്റെ തെളിവുകൾ മകനായ മനാസ്സെ കണ്ടിട്ടുള്ളതുമാണ്. എന്നിട്ടും തന്റെ വ്യക്തിജീവിതത്തിൽ കർത്താവിന് സ്ഥാനം നൽകാൻ അവൻ കൂട്ടാക്കിയില്ല.

തന്റെ പ്രവാചകരിലൂടെ കർത്താവ് മനാസ്സെയ്ക്കും ജനത്തിനും ശക്തവും വ്യക്തവുമായ താക്കീതു നല്കി, അവിടുന്ന് അരുളിചെയ്തു: "അമോര്യർ ചെയ്തതിനേക്കാൾ കൂടുതൽ ദുഷ്ടത

ചെയ്യുകയും യൂദായെകൊണ്ട് വിഗ്രഹപൂജ ചെയ്യിക്കുകയും ചെയ്തിനാൽ ഇസ്രായേലിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ ജറുസലേമിന്റെയും യൂദായുടെയുംമേൽ അനർത്ഥം വരുത്തും. കേൾക്കുന്നവന്റെ ചെവി തരിക്കും. സമരിയായുടെ അളവുകോലുകൊണ്ടും ആഹാബിന്റെ ഭവനത്തിലെ തൂക്കുകട്ടകൊണ്ടും ഞാൻ ജറുസലേമിനെ അളന്നുതൂക്കും. തുടച്ചു കമഴ്ത്തിവച്ച പാത്രംപോലെ ഞാൻ ജറുസലേമിനെ ശൂന്യമാക്കും. എന്റെ അവകാശത്തിന്റെ അവശിഷ്ടഭാഗം ഞാൻ അവരുടെ ശത്രുക്കളുടെ കൈകളിലേക്ക് എറിഞ്ഞുകൊടുക്കും. ശത്രുക്കൾ അവരെ തങ്ങളുടെ ഇരയും കൊള്ളമുതലുമാക്കും" (2 രാജാ 21,12-14). എന്നാൽ കർത്താവിന്റെ വാക്കുകൾക്ക് മനാസ്സെ ചെവികൊടുത്തില്ല. അതിനാൽ അസ്സീറിയ രാജാവിന്റെ കൈകളിൽ കർത്താവ് അവനെ ഏല്പിച്ചു. അസ്സീറിയായിലെ സേനാധിപൻമാർ മനാസ്സെയെ കൊളുത്തിട്ട് പിടിച്ച് ഓട്ടുചങ്ങലകളിൽ ബന്ധിച്ച് ബാബിലോണിലേക്കു കൊണ്ടുപോയി.... കാരാഗൃഹത്തിലെത്തിയപ്പോൾ അവൻ കണ്ണുതുറന്ന് കർത്താവിങ്കലേക്ക് തിരിയുന്നു. ബന്ധനസ്ഥനായി അപമാനിക്കപ്പെട്ട് ശത്രുവിന്റെ മുമ്പിൽ കീഴടങ്ങേണ്ടിവന്ന മനാസ്സെ തന്റെ കുറ്റം ഏറ്റുപറഞ്ഞ് തന്നെത്തന്നെ താഴ്ത്തി കർത്താവിനോടു പ്രാർത്ഥിച്ചു. അനുതപിക്കുന്നവരോട് ക്ഷമിക്കുന്നവനായ ദൈവം മനാസ്സെയുടെ പാപം മറക്കുന്നു. ഒരു രാജാവിന് കർത്താവിനെ കണ്ടെത്തുവാൻ കാരാഗൃഹവും ബന്ധനവും ആവശ്യകമായിരുന്നു! അരിഷ്ടതകളിൽ കർത്താവിനെ തേടുന്ന മനുഷ്യൻ; സുബോധവും സന്തോഷവും ഉള്ളപ്പോൾ അവൻ കർത്താവിനായി സമയം മാറ്റിവച്ചില്ല. ഇന്നിന്റെ മനുഷ്യനും മനാസ്സെയ്ക്കു തുല്യനത്രേ. കർത്താവ് മനാസ്സെയെ കരുണയോടെ വീണ്ടും ജറുസലേമിലേക്കു തിരികെ കൊണ്ടുവന്നു. കർത്താവിന്റെ കരുണയുടെ ആഴം കണ്ടെത്തിയ അവൻ തന്നെത്തന്നെ പിതാക്കന്മാരുടെ മുമ്പിൽ അത്യധികം എളിമപ്പെടുത്തുകയും ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്തതിനാൽ അവന്റെ രാജത്വം കർത്താവ് അവനു തിരികെ നല്കി.

ജറുസലേമിൽ തിരിച്ചെത്തിയ മനാസ്സെ ദാവീദിന്റെ നഗരത്തിനു ചുറ്റും വളരെ ഉയരത്തിലുള്ള ചുറ്റുമതിൽ പണിതു. കർത്താവിന്റെ ആലയത്തിൽനിന്ന് വിജാതീയ ബലിപീഠങ്ങളും വിഗ്രഹങ്ങളും നീക്കംചെയ്തു. അവൻ നിർമ്മിച്ച ബലിപീഠങ്ങൾ തകർത്ത് നഗരത്തിന് വെളിയിൽ എറിഞ്ഞുകളഞ്ഞു. ആലയത്തിൽ കർത്താവിന്റെ ബലിപീഠം വീണ്ടും പ്രതിഷ്ഠിക്കുകയും അതിൽ സമാധാനബലിയും കൃതജ്ഞതാബലികളും അർപ്പിക്കുകയും ചെയ്തു. മാത്രമല്ല കർത്താവിനെ സേവിക്കാൻ യൂദാനിവാസികളെ നിർബന്ധിക്കുകയും ചെയ്തു. അങ്ങനെ ജനം തങ്ങളുടെ ദൈവമായ കർത്താവിന് ബലിയർപ്പിച്ചുതുടങ്ങി. അമ്പത്തഞ്ചു വർഷത്തെ ഭരണത്തിനു ശേഷം മനാസ്സെ പിതാക്കന്മാരോട് ചേർന്നു. ഉസ്സായുടെ ഉദ്യാനത്തിൽ അവനെ സംസ്കരിച്ചു.

**മനാസ്സെ നല്കുന്ന ജീവിതപാഠങ്ങൾ**

- *വ്യക്തിജീവിതത്തിൽ ദൈവത്തിനു സ്ഥാനം നല്കുക.*
- *വിശ്വാസമെന്ന കൈത്തിരി കൈമാറ്റം ചെയ്യേണ്ടതാണ്.*
- *വിഗ്രഹാരാധനയും വിശ്വാസത്യാഗവും ഒരുപോലെ പാപമാണ്.*
- *ദൈവത്തെ കണ്ടെത്തുവാൻ വേദനയുടെ വഴികളും ആവശ്യകമായെന്നിരിക്കാം.*
- *തെറ്റുപറ്റിയെന്ന് അറിഞ്ഞ് തിരുത്തുവാൻ തയ്യാറാവുക.*
- *വ്യക്തിജീവിതത്തിൽ ദൈവാനുഭവം കണ്ടെത്തുക.*



# വചനവും പരിശുദ്ധ അമ്മയും

**മിനി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

***"കർത്താവ് അരുൾച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി"***
**(ലൂക്കാ 1,45).**

"ആശുപത്രിയിൽവച്ച് ഞാൻ മാതാവിന്റെ കാശുരൂപം എടുക്കാൻ നോക്കി. കണ്ടില്ല. ധൃതി യിൽ വീട്ടിൽനിന്നിറങ്ങിയപ്പോൾ ഞാൻ എടുക്കാൻ മറന്നുപോയെന്നു കരുതി. വീട്ടിൽ കാണും എന്ന പ്രതീക്ഷയോടെ വന്നപ്പോൾ മകൾ മുറി വൃത്തിയാക്കി, ബെഡ്ഷീറ്റ് മാറ്റി പുതിയതു വിരിച്ചിരിക്കുന്നു. വേദനയും ക്ഷീണവും ഉണ്ടെങ്കിലും അതൊന്നും വകവയ്ക്കാതെ മുറി മുഴു വൻ പരതി. നിലത്തും കട്ടിലിലുമെല്ലാം നോക്കി. കാണാഞ്ഞതുകൊണ്ട് മകളോട് അന്വേഷിച്ചു. അവളും കണ്ടില്ല. വളരെ സങ്കടമായി. രോഗത്തിന്റെയും ചികിത്സയുടെയും വേദനയെയും ക്ഷീണത്തെയുംകാൾ വലിയ നൊമ്പരമായിട്ടാ എനിക്കത് അനുഭവപ്പെട്ടത്. പിറ്റേന്ന് വെളു പ്പിനെ എന്നെ ആരോ തോണ്ടിവിളിക്കുന്നതായി തോന്നി. ഞാനാ ഭാഗത്തേക്ക് കൈനീട്ടി പരതി. അപ്പോൾ കൈ എന്തോ ഒന്നിൽ തടയുന്നപോലെ... എനിക്കു വല്യ അത്ഭുതമായി. തലേന്ന് ഒത്തിരി അന്വേഷിച്ച പരി. അമ്മയുടെ കാശുരൂപം". കാൻസർരോഗത്താൽ വലയുന്ന രാധാമണി എന്ന ഒരു ഹിന്ദു സ്ത്രീയുടെ ഈ വാക്കുകൾ ഏറെ ഹൃദയസ്പർശിയായി അനു ഭവപ്പെട്ടു. കീമോയും റേഡിയേഷനും എടുത്ത് ഏറെ ക്ഷീണിതയായ രാധാമണിയമ്മയെ കാണു വാനായി പോയപ്പോൾ സംസാരിച്ചുകൊണ്ടിരിക്കേ, ഒരു സാക്ഷ്യമെന്ന നിലയിൽ അവർ ഞങ്ങ

ളോടു പറഞ്ഞതാണിത്. "തലേദിവസം മുഴുവൻ അന്വേഷിച്ചിട്ടും കിട്ടാത്ത കാശുരൂപം എങ്ങനെ ഈ ഷീറ്റിന്റെ മീതെ വന്നു? പരിശുദ്ധ മാതാവ് എന്നെ വിളിച്ചു തന്നതാണിത്" എന്ന് വളരെ സ്നേഹത്തോടെ, സന്തോഷത്തോടെ കാശുരൂപം ചുംബിച്ചുകൊണ്ട് ആ സ്ത്രീ അത്ഭുതപരവശയായി സന്തോഷപൂർവം ഞങ്ങളോടു വിവരിച്ചു.

മംഗളവാർത്തക്കാലത്താണല്ലോ നാം പരിശുദ്ധ ദൈവമാതാവിനെ ഏറെ വണക്കത്തോടെ ആദരിക്കുന്നത്. ദൈവവചനത്തോടുള്ള ഏറ്റവും പൂർണ്ണമായ പ്രതികരണം പരിശുദ്ധ അമ്മയിലൂടെയാണ് പ്രകടമായത്. അവൾ വചനത്തെ കേട്ടവൾ മാത്രമല്ല; വിശ്വസിച്ചും ധ്യാനിച്ചും ജീവിച്ചും വചനത്തെ മാംസംധരിച്ച് ജനിപ്പിച്ചവളാണ്. തന്റെ ഇളയമ്മയായ ഏലീശ്വാ പരിശുദ്ധ അമ്മയുടെ സാന്നിധ്യംകൊണ്ട് ആത്മാവിനാൽ നിറഞ്ഞ് മാതാവിനോട് പറഞ്ഞ വാക്കുകളാണ് "കർത്താവ് അരുൾച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1,45) എന്നത്. "പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വചനം മറിയത്തിന്റെ ഗർഭത്തിൽ ശരീരമായി." (CCC 484). "അവൾ വചനം ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടിരുന്നു" (ലൂക്കാ 2,19). "ധ്യാനം ദൈവവചനത്തോടുള്ള ഹൃദയത്തിലെ സമാധാനമായ കേൾവിയാണ്" (CCC 2716).

ഗബ്രിയേൽദൂതൻ വന്നു വചനസന്ദേശം നൽകുമ്പോൾ, അമ്മ മറുപടി പറയുന്നു: "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1,38). അവൾ വചനം സ്വീകരിച്ചപ്പോൾ ദൈവവചനം മനുഷ്യരൂപം എടുത്തു. "വചനം മാംസമായി, നമ്മുടെ ഇടയിൽ വസിച്ചു" (യോഹ 1,14). "മറിയം ദൈവവചനത്തെ ഗർഭത്തിൽ ധരിച്ചു, ഹൃദയത്തിൽ ആദ്യം സ്വീകരിച്ചു" (വി. അഗസ്റ്റിൻ). പരിശുദ്ധ അമ്മ വചനം കേട്ട്, അത് ആഴത്തിൽ ചിന്തിച്ചു. അവളുടെ ജീവിതം ദൈവവചനത്താൽ നയിക്കപ്പെട്ടതായിരുന്നു. അവൾ വെറും വചനശ്രോതാവല്ല; വചനാധിഷ്ഠിതജീവിതത്തിന്റെ മാതൃകയാണ്. അമ്മയുടെ ഭാഗ്യവും മഹത്ത്വവും അവളുടെ മാതൃത്വത്തിൽ മാത്രം അല്ല; വചനത്തെ ജീവിതത്തിൽ നടപ്പിലാക്കിയതിലാണ്. കന്യകാമറിയം കേട്ടത് ചെവികൊണ്ടു മാത്രമല്ല, ഹൃദയംകൊണ്ടുമാണ്; ഹൃദയത്തിൽ സൂക്ഷിച്ചു-ധ്യാനിച്ചു. "ദൈവവചനം കേട്ട് അനുസരിക്കുന്നവരാണ് ഭാഗ്യവാന്മാർ" (ലൂക്കാ 11,28). "മറിയം നമ്മുടെ വിശ്വാസത്തിന്റെ മാതൃകയാണ്; അവളുടെ 'അതെ' നമ്മെ ദൈവവചനത്തിലേക്ക് നയിക്കുന്നു" (CCC 2677).

**വചനത്തിന്റെ കൂടാരം**

"വചനം ശരീരമായി." (യോഹ 1,14). മറിയം വചനത്തിന്റെ ആദ്യ 'കൂടാരം' ആയി. ഈശോ, ദൈവവചനമായി അവളുടെ ഗർഭത്തിൽ മാംസം ധരിച്ചു. അവൾ തന്റെ ശരീരവും മനസ്സും ദൈവത്തിന് സമർപ്പിച്ചു: "മറിയത്തിന്റെ 'അതെ' എന്ന മറുപടി, മനുഷ്യരാശിക്കു മുഴുവൻ രക്ഷയുടെ വാതിൽ തുറന്നു" (CCC 494). മാമോദീസാ സ്വീകരിച്ച സഭാമക്കളുടെയെല്ലാം വിളിയാണ് ദൈവവചനത്തെ സ്വീകരിച്ച് ലോകത്തിന് ഈശോയെ പ്രദാനം ചെയ്യുകയെന്നത്. ഓരോ പരിശുദ്ധ കുർബാനയിലൂടെയും മനുഷ്യന്റെ ഹൃദയമാകുന്ന കൂടാരത്തിൽ ഈശോ വന്നു വസിക്കുന്നു.

**വചനത്തിൽ ഉറച്ചുനിന്നവൾ**

ഒരു ഭവനത്തിന്റെ കുറവുകളിലേക്ക് - ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന പരിശുദ്ധ അമ്മയെ കാനായിലെ കല്യാണവീട്ടിൽ കാണാം. മറിയം പറഞ്ഞു: "അവൻ നിങ്ങളോടു പറയുന്നതെല്ലാം ചെയ്യുവിൻ" (യോഹ 2,5). 'വചനത്തോടുള്ള അനുസരണം' ആണ് അമ്മ നമ്മെ പഠിപ്പിക്കുന്നത്. വചനം കേട്ടാൽമാത്രം പോരാ; അതനുസരിച്ച് ജീവിക്കുകകൂടി വേണം. ഈശോ

യിലേക്ക് നടന്നടുക്കാൻ നമ്മെ സഹായിക്കുന്നവളാണ് പരി. അമ്മ. “മറിയം സഭയുടെ മാതാവാണ്; അവൾ വിശ്വാസികളോട് ദൈവവചനത്തിലൂടെ ജീവിക്കാൻ പഠിപ്പിക്കുന്നു” (CCC 963).

‘നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറും” എന്ന് ശിമയോൻ പ്രവചിച്ചു. കുരിശിന്റെ ചുവട്ടിൽ നില്ക്കുന്ന അമ്മയെ കാണുക (യോഹ 19,25). തന്റെ മകന്റെ അതിദാരുണമായ ക്രൂശുമരണനേരത്തും വേദനയിലും ശിമയോൻ പറഞ്ഞ ഈ വചനവും മനനംചെയ്ത് മാതാവു കുരിശിൻ ചുവട്ടിൽ മകനോടു ചേർന്നു. “മറിയം തന്റെ പുത്രന്റെ ത്യാഗത്തിൽ പങ്കാളിയായി, വിശ്വാസത്തിലും സ്നേഹത്തിലും കൂട്ടായി നിന്നു” (CCC 964). പരി. അമ്മയുടെ ഈ മാതൃക വചനത്തെ മനനം ചെയ്യുന്നവരാകുവാനും വേദനയിലും വചനത്തിൽ ഉറച്ചുനിൽക്കുവാനും നമുക്കു കരുത്തേകുന്നു.

“മറിയം ദൈവവചനത്തിന്റെ യാത്ര പിന്തുടർന്നവരിൽ ഏറ്റവും പൂർണ്ണയാണ്” എന്ന് വി. ജോൺ പോൾ രണ്ടാമൻ പഠിപ്പിക്കുന്നുണ്ട്. യുവതിയായ മറിയം ദൈവവചനത്തിന് ‘അതെ’ എന്നു പറഞ്ഞ് അനുസരിച്ചതിലൂടെ ലോകത്തിന് രക്ഷകനെ ലഭിക്കാൻ ഇടയായി. ഇന്ന് നമുക്കും അതേ വിളിയാണുള്ളത് - ദൈവവചനത്തോടു പ്രത്യുത്തരിക്കുക; ഈശോയെ മറ്റുള്ളവർക്കു കൊടുക്കുന്നവരാകുക. മറിയം ദൈവവചനത്തിന്റെ ഏറ്റവും വിശ്വസ്ത ശിഷ്യയാണ്. ദൈവവചനം ശ്രവിക്കാനും ഹൃദയത്തിൽ സൂക്ഷിക്കാനും ജീവിതത്തിൽ നടപ്പാക്കാനുമാണ് മറിയം നമ്മെ പഠിപ്പിക്കുന്നത്. അവളെപ്പോലെ നാം ദൈവവചനം കേട്ടും ധ്യാനിച്ചും അനുസരിച്ചും ജീവിക്കുമ്പോൾ, വചനം നമ്മുടെ ജീവിതത്തിൽ മാംസമായി രൂപപ്പെടുന്നു. അപ്പോൾ നാം ലോകത്ത് മിശിഹായെ പ്രതിഫലിപ്പിക്കുന്നവരാകും.

പരിശുദ്ധ അമ്മേ, ദൈവവചനത്തെ ഹൃദയത്തിൽ സൂക്ഷിച്ച നിന്നെപോലെ, നിന്റെ ദിവ്യപുത്രന്റെ വചനം ജീവിക്കാൻ എന്നെയും സഹായിക്കണമെ.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192

# സെനക്കിൾ തരംഗം

## സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

സീറോമലബാർ സഭയുടെ ആരാധനാവത്സരം ആരംഭിക്കുന്നത് മംഗലവാർത്തക്കാലത്തോട് കൂടിയാണല്ലോ. ഡിസംബർ 25-ാം തീയതി ആഘോഷിക്കുന്ന ഈശോമിശിഹായുടെ പിറവിത്തിരുന്നാളിന് ഒരുക്കമായുള്ള നാല് ആഴ്ചകളാണല്ലോ ഈ കാലത്തിനുള്ളത്. മനുഷ്യസൃഷ്ടി മുതൽ ആദിമാതാപിതാക്കളുടെ അനുസരണക്കേടും അതിന്റെ അനന്തര സ്ഥിതിവിശേഷവും ദൈവം നല്കിയ രക്ഷയുടെ വാഗ്ദാനവും മനുഷ്യകുലവുമായി അവിടുന്നു സ്ഥാപിച്ച ഉടമ്പടിയും രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങളും പ്രസംഗവിഷയമാക്കി ജനങ്ങളെ ബോധവത്ക്കരിക്കാനുള്ള അവസരമാണിത്. മിശിഹായുടെ മനുഷ്യാവതാരംവഴി മനുഷ്യവർഗ്ഗത്തിന് കരഗതമായ സമാധാനവും പ്രത്യാശയും സ്വായത്തമാക്കി, മിശിഹായുടെ സാക്ഷികളും പ്രേഷിതരുമായിത്തീരുവാൻ ജനങ്ങളെ ബോധവല്ക്കരിച്ച് അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ എല്ലാവർക്കും സാധിക്കട്ടെ.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2025 നവംബർ 11-12 തീതയികളിൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലുള്ള അപ്പസ്തോലിക് സൊദാലസ് വൈദികരുടെ പ്രതിമാസ മീറ്റിംഗ് കോട്ടയം മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് നടക്കുകയുണ്ടായി. പരിശുദ്ധ കന്യകാമറിയത്തെ 'സഹരക്ഷക' എന്ന് വിശേഷിപ്പിക്കരുത് എന്ന നവംബർ 4-ാം തീയതിയിലെ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പായുടെ പ്രബോധനത്തിന്റെ പശ്ചാത്തലത്തിൽ, യോഹന്നാന്റെ സുവിശേഷം 2,1-11 വരെയുള്ള കാനായിലെ അത്ഭുതവിവരണം പഠനവിഷയമാക്കുകയും പരിശുദ്ധ കന്യകാമറിയത്തിന്റെ സഭയിലുള്ള സ്ഥാനത്തെക്കുറിച്ച് പഠനവും പങ്കുവയ്ക്കലും നടത്തുകയുണ്ടായി. നവംബർ 19-ാം തീയതി ഇറ്റലിയിലും ഇംഗ്ലണ്ടിലുമുള്ള അപ്പസ്തോലിക് സൊദാലസ് ആസ്പിരൻസിന്റെ മീറ്റിംഗ് ഓൺലൈനായി നടത്തുകയും, പരിശുദ്ധ കന്യകാമറിയത്തിന് വൈദികരുടെ ജീവിതത്തിലുള്ള സ്ഥാനം ചർച്ചാവിഷയമാക്കുകയും ചെയ്തു.

# ശാന്തരാത്രി



**ലിജോ കരിന്തകരയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഉണ്ണീശോയെ ഹൃദയത്തിലും ജീവിതത്തിലും സ്വീകരിക്കുവാൻ ഒരുങ്ങിക്കൊണ്ട് ഇഷ്ടമുള്ള രുചിക്കൂട്ടുകളെ ചില്ലുഭരണികളിൽ അടച്ച്, ചെയ്ത സുകൃതങ്ങളുടെയും ചൊല്ലിയ സുകൃതജപങ്ങളുടെയും എണ്ണമെടുത്ത് തിരുപ്പിറവിക്കായി കാത്തിരിക്കുന്ന 25 ദിനങ്ങൾ.... ലോകം ഉറങ്ങുന്ന നിശയുടെ നിശബ്ദതയിൽ ദൈവത്തിന്റെ സ്നേഹം ഇതാ ആരവങ്ങളില്ലാതെ, ആഡംബരങ്ങളില്ലാതെ, സ്വയം ശൂന്യവത്ക്കരിച്ച് ഒരു കാലിതൊഴുത്തിൽ ഭൂജാതനായിരിക്കുന്നു. ക്രിസ്മസിന്റെ ഏറ്റം ആകർഷകമായ ഈ പുൽക്കൂട്ടിലേയ്ക്ക് നമുക്കൊന്നു നോക്കാം. നിശബ്ദത ഹൃദയത്തിൽ ഏറ്റുവാങ്ങിയ മനുഷ്യരെയാണ് നാം ഇവിടെ കണ്ടുമുട്ടുക. നാലു കൂട്ടർക്കാണ് പ്രധാനമായി ഈശോയുടെ തിരുപ്പിറവിയെക്കുറിച്ച് ദൂതു ലഭിച്ചത്.

### പരിശുദ്ധ അമ്മ

ചില അസാധാരണ സംഭവങ്ങൾക്ക് മറിയം ദൃക്സാക്ഷിയാകുന്നുണ്ട്: മംഗളവാർത്ത, മാലാഖമാരുടെ സംഗീതം, നക്ഷത്രം, ശിമയോന്റെ പ്രവചനം.... ഇവയൊക്കെ മനസ്സിലാക്കാൻ ഏറെ ബുദ്ധിമുട്ടുള്ള കാര്യങ്ങളായിരുന്നു. എങ്കിലും മറിയത്തിന്റെ പ്രതികരണത്തെ മനോഹരമായ വരികളിൽ ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്: "മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു" (ലൂക്കാ 2,19). എല്ലാം നിശബ്ദമായി

ഹൃദയത്തിൽ സ്വീകരിച്ച പരി. അമ്മ...! ലോകം ഉറങ്ങിക്കിടന്ന ആ രാത്രിയിൽ മറിയം ജാഗരിച്ചത് ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചാണ് എന്നതിൽ തർക്കമില്ല.

**യൗസേപ്പിതാവ്**

യൗസേപ്പിതാവാകട്ടെ, മൗനത്തിന്റെ ആചാര്യനാണ്. സുവിശേഷങ്ങളിൽ ഒരിടത്തും അദ്ദേഹം ആരോടും സംസാരിച്ചതായി കാണുന്നില്ല. ജീവിതത്തിലെ മുള്ളുവഴികൾ താണ്ടിയപ്പോൾ യൗസേപ്പ് അസ്വസ്ഥനായില്ല. ആരോടും പരാതിപ്പെട്ടില്ല, ന്യായീകരിച്ചില്ല. ദൈവധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ശരിയായ വഴിതേടി. ജീവിതത്തിന്റെ അലയടികളിൽ മൗനം അഭ്യസിക്കണം എന്ന് യൗസേപ്പിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

**ആട്ടിടയന്മാർ**

മൂന്നാമതായി ദൂത് ലഭിക്കുന്നത്, കുന്നിന്റെ താഴ്‌വാരങ്ങളിൽ ആടുകൾക്കു കാവൽ കിടന്നിരുന്ന, ലോകം ശ്രദ്ധിക്കാത്ത പാവപ്പെട്ട ആട്ടിടയന്മാർക്കാണ്. അവരാകട്ടെ പുലരിതൊട്ട് അന്തിവരെ മിണ്ടാപ്രാണികളോടൊപ്പം കഴിയുന്നവരും.... രക്ഷകന്റെ ജനനത്തെപ്പറ്റിയുള്ള ദൂത് ലഭിച്ച ആ ശാന്തമായ രാത്രിയിൽ രാത്രിയുടെ ഇരുട്ടിനെ മറികടന്ന് ബേത്‌ലഹേമിലെ ദിവ്യശിശുവിനെ കണ്ട് അവർ മടങ്ങി. ദൂതന്മാർ തങ്ങളോടു പറഞ്ഞ രക്ഷകജനനത്തിന്റെ വാർത്ത, വലിയ ആരവത്തോടെയല്ലെങ്കിലും, മറ്റുള്ളവരെ അറിയിച്ച് നല്ല ഇടയനായ ഈശോയ്ക്ക് അവർ സാക്ഷ്യമേകി.

**ജ്ഞാനികൾ**

നാലാമതായി ദൂത് ലഭിക്കുന്നത് ജ്ഞാനികൾക്കാണ്. അവരാകട്ടെ അഗാധമായ മൗനത്തിലും ജ്ഞാനത്തിലും കഴിയുന്നവരാണ്. ദൂരെ ദേശങ്ങളിൽനിന്നു വന്ന ജ്ഞാനികളുടെ യാത്ര ദീർഘവും കഠിനവും ആയിരുന്നു. എങ്കിലും അവരുടെ ഹൃദയം സമാധാനപൂർണ്ണമായിരുന്നു. കാരണം അവർ അറിഞ്ഞിരുന്നു, ഈ നിശബ്ദയാത്രയുടെ അവസാനത്തിൽ ദൈവസാന്നിദ്ധ്യം ഉണ്ടെന്ന്.

നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളിൽ ഹൃദയനിശബ്ദതയിൽ ഉണ്ണീശോയോടൊപ്പം ആയിരിക്കുവാൻ നമുക്കാവുന്നുണ്ടോ? അതോ, ചങ്ങാതിക്കൂട്ടങ്ങളോടൊപ്പം ലഹരി നുണഞ്ഞും, ആരവങ്ങളിലും ആഘോഷങ്ങളിലും മാത്രം ശ്രദ്ധ പതിച്ചും അതിന്റെ മുഴുവൻ സൗന്ദര്യവും അർത്ഥവുമൊക്കെ നശിപ്പിച്ചു കളയുന്നുണ്ടോ...? നമുക്കു ചിന്തിക്കാം.

നമ്മുടെയൊക്കെ ജീവിതത്തിൽ ചില അസാധാരണ സംഭവങ്ങൾ കടന്നുവരുമ്പോൾ അസ്വസ്ഥരാകാതെ പുൽക്കൂട്ടിൽ നാം കണ്ടുമുട്ടിയവരെപ്പോലെ, നമ്മുടെ പരി. അമ്മയെപ്പോലെ, ഉണ്ണീശോയുടെ മുമ്പിൽ മിഴിപൂട്ടി നിന്ന്, നിശബ്ദതയോടെ എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കാൻ നമുക്കാകട്ടെ. അങ്ങനെ മാലാഖമാർ പാട്ടുപാടിയ ആ രാത്രിയിൽ ആകാശം ചായിച്ച് മന്നിലവതരിച്ചവന് നമുക്കും ഹൃദയത്തിൽ ഇടം ഒരുക്കാം.

*ഈശോയേ, ഈ ലോകത്തിൽ, വേദനകളിലും ആവശ്യങ്ങളിലും ഞങ്ങൾ എങ്ങനെ ഒന്നിക്കുന്നുവോ അതുപോലെ സ്നേഹത്തിലും സാഹോദര്യത്തിലും ഞങ്ങളെ ഒരുമിപ്പിക്കേണമെ. മഹത്ത്വപൂർണ്ണനായ അങ്ങയെ നേരിൽ ദർശിക്കുന്നതുവരെ അങ്ങയിലേക്കു അവിരാമം വളരുന്ന സ്നേഹം ഞങ്ങൾക്കു നല്കണമേ. ആമ്മേൻ.*

*(ദൈവദാസൻ വില്യം ജക്വീന്താ)*



# ഒന്നു വിട്ടുകൊടുത്തുകൂടെ?

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**അ**ന്ന് ബസ്സ്റ്റോപ്പിലേക്കു പോയപ്പോൾ കയ്യിൽ കിട്ടിയ രണ്ടു മിഠായികളുമെടുത്തു. രണ്ടിന്റെയും കവർ വ്യത്യസ്ത നിറങ്ങളിലായിരുന്നു. ബസ്സ്റ്റോപ്പിലെ പതിവു ചങ്ങാതിമാരിൽ ഇളയവളാണ് ആദ്യം ഓടിയെത്തിയത്. "മോൾക്ക് ഏതു കളറാണ് ഇഷ്ടം" എന്നു ചോദിച്ചതു മാത്രമേ ഓർമ്മയുള്ളൂ... അനിയത്തി രണ്ടു മിഠായിയും തട്ടിപ്പറിച്ച് ഒരോട്ടം... ചേച്ചി പുറകേ.... പിന്നവിടൊരു പൂരംതന്നെ നടന്നു എന്നു പറയാം. "വഴക്കു കൂടല്ലേ മക്കളേ..." എന്ന വല്ല്യമ്മയുടെ വാക്കുകളൊക്കെ കാറ്റിൽ പറന്നു. ഇനി മേലാൽ മിഠായി കൊടുക്കില്ല എന്നു ഞാൻ മനസ്സിൽ തീരുമാനിച്ചെങ്കിലും ഇപ്പോൾ ഈ പ്രശ്നം പരിഹരിക്കാൻ അതുകൊണ്ടാവില്ലല്ലോ! പുറകേ ഓടിയിട്ടും കെഞ്ചിയിട്ടും കാര്യമില്ല എന്നു മനസ്സിലായ ചേച്ചി "നിന്റെ മൊട്ടായി ഇനിയെനിക്കു വേണ്ട... തന്നാലും വേണ്ട..." എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചതു ദേഷ്യത്തോടെയായിരുന്നെങ്കിലും പറഞ്ഞു കഴിയുന്നതിനുമുമ്പേ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി.... കാര്യമെന്തൊക്കെയായാലും ചേച്ചി, ചേച്ചി തന്നെയല്ലേ! അവളുടെ കണ്ണുനിറഞ്ഞത് അനിയത്തിക്കു സഹിക്കാനായില്ല... അവളോടിച്ചെന്ന് ചേച്ചിയുടെ കണ്ണുതുടച്ചു; മിഠായിയും കൊടുത്തു. ചേച്ചി അതു വാങ്ങി പൊളിച്ച് അനിയത്തിയുടെ വായിൽവച്ചു കൊടുത്തു. എല്ലാം ശുഭം...!

ഒന്നു വിട്ടുകൊടുത്താൽ തീരാവുന്നതല്ലേയുള്ളൂ നമ്മുടെ മിക്ക പ്രശ്നങ്ങളും? അവയെ ഊതിപ്പെരുപ്പിച്ചു വലുതാക്കുന്നത് പലപ്പോഴും നമ്മൾ തന്നെയല്ലേ? വിട്ടുകൊടുക്കലുകൾ വലിയ നന്മയുളവാക്കുമെങ്കിൽപിന്നെ അതിനു മടി വിചാരിക്കേണ്ടതുണ്ടോ? ചില നേരത്തെ മൗനവും ചില വിട്ടുകൊടുക്കലുകളുമൊന്നും നമ്മെ കൊച്ചാക്കുകയില്ലെന്നേ.... യഥാർത്ഥത്തിൽ അതു നമ്മെ മഹാന്മാരാക്കുകയാണ് എന്നതല്ലേ യാഥാർത്ഥ്യം? വിട്ടുകൊടുക്കലുകൾ നമ്മെ അടിമകളാക്കുകയല്ല എന്നു തിരിച്ചറിയാതെ പോകുന്നതല്ലേ പല പ്രശ്നങ്ങളുടെയും കാരണം?

ക്രിസ്തുമസ്സിനു പറയാനുള്ളതും വിട്ടുകൊടുക്കലിന്റെ കഥയാണ്. തന്റെ ഏകജാതനെപ്പോലും വിട്ടുകൊടുക്കുവാൻ തയ്യാറായ ദൈവപിതാവിന്റെ... ദൈവത്തോടുള്ള സമാനത മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിക്കാതെ മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി തന്നെത്തന്നെ വിട്ടുകൊടുത്ത പുത്രന്റെ... മനസ്സിലാക്കാനാവാത്തതെങ്കിലും ദൈവഹിതത്തിനു സ്വയം വിട്ടുകൊടുത്ത കന്യകാമറിയത്തിന്റെ... നെയ്തുകൂട്ടിയ സ്വപ്നങ്ങൾക്കു വിരുദ്ധമെങ്കിലും ദൈവേഷ്ടത്തിനു വിട്ടുകൊടുത്ത യൗസേപ്പിന്റെ.... അതെ, ദൈവികപദ്ധതിയോടു സഹകരിച്ചവർക്കെല്ലാം പറയാനുണ്ട് ഒരു വിട്ടുകൊടുക്കലിന്റെ കഥ. രക്ഷാകരചരിത്രം മുഴുവൻ ഇത്തരത്തിലുള്ള പല വിട്ടുകൊടുക്കലുകളുടെ ഓർമ്മയാണ്.

അഭിപ്രായവ്യത്യാസങ്ങൾ തർക്കത്തിലേക്കു നീങ്ങുമ്പോൾ പാലിക്കുന്ന നിശബ്ദതയും വലിയ പിണക്കത്തെ ഇല്ലാതാക്കാൻ പറയുന്ന ആദ്യവാക്കും ഒക്കെ ഒരു വിട്ടുകൊടുക്കലാണ്. വലിയ സൗഹൃദത്തിലേക്കുള്ള ഒരു ചെറിയ വിട്ടുകൊടുക്കൽ. അത് ഭീരുത്വത്തിന്റെ അടയാളമല്ല, വലിയ മനസ്സുള്ളവർക്കു മാത്രം സാധിക്കുന്ന കാര്യമാണ്. കുടുംബബന്ധങ്ങളിലെ ചെറിയ അനിഷ്ടങ്ങൾ വലിയ പിണക്കങ്ങളിലേക്കും വേർപിരിയലിലേക്കുമൊക്കെ എത്തുന്നത് വിട്ടുകൊടുക്കാൻ മനസ്സില്ലാത്തതുകൊണ്ടല്ലേ?

എളിമപ്പെടലിനും ചെറുതാകലിനുമൊന്നും വിലയില്ലാത്ത കാലത്താണ് നാമിപ്പോൾ ജീവിക്കുന്നത്. പരസ്പരം വിട്ടുകൊടുക്കാനും ചെറുതാകാനും തയ്യാറാകാത്ത ഭാര്യാഭർത്താക്കന്മാർ, സഹോദരീ സഹോദരന്മാർ, അയൽക്കാർ.... അപരനെ മാനിക്കാത്ത ഒരു പറ്റം ആളുകൾ....

ഞാൻ ജയിച്ചു എന്ന് ഒരാൾക്കു തോന്നുന്നിടത്താണ് മറ്റൊരാൾ തോല്ക്കുന്നത് എന്ന് എവിടെയോ വായിച്ചത് ഓർക്കുന്നു. അപരന്റെ സുഖമാണ് എന്റെ ആനന്ദം എന്ന ചിന്ത അവസാനിക്കുന്നിടത്താണ് പിടിച്ചെടുക്കലുകൾ ആരംഭിക്കുക. പരസ്പരം വിട്ടുകൊടുത്താൽ ഒന്നും നഷ്ടപ്പെടാനില്ലെന്നും അപരനെ നേടാനാവുമെന്നും ക്രിസ്തുമസ്സ് നമ്മെ പഠിപ്പിക്കുന്നു.

നമുക്കുള്ളതേ നമുക്കു പങ്കുവയ്ക്കാനാവൂ. ദൈവത്തെ സ്വന്തമാക്കിയവൻ തനിക്കു സ്വന്തമെന്നു കരുതുന്ന മറ്റെല്ലാം അപരന്റെ നന്മയ്ക്കായി വിട്ടുകൊടുക്കുന്നു. നമ്മുടെ കഴിവുകളും സമയവും ഭൗതികസമ്പത്തുമൊക്കെ അപരന്റെ നന്മയ്ക്കായി വിട്ടുകൊടുക്കാൻ തക്കവിധം വാശിയും പിണക്കങ്ങളും 'ഞാൻ ഭാവ'വുമൊക്കെ മാറ്റി ദൈവത്താൽ നിറയാൻ തക്കവിധം നമുക്കു സ്വയം വിട്ടുകൊടുക്കാം. അപരനു തുണയേകാനും സാന്ത്വനമേകാനും ദൈവിക സന്തോഷത്താൽ നിറയാനും വിട്ടുകൊടുക്കൽ മനോഭാവം നമ്മെ സഹായിക്കട്ടെ.

*പരിശുദ്ധാരൂപിയേ, സ്നേഹത്തിന്റെയും വിശുദ്ധിയുടെയും അരൂപിയേ വരിക! പരിശുദ്ധ മറിയത്തിന്മേൽ ആവസിച്ചുകൊണ്ട് നിത്യവചനത്തിന്റെ അമ്മയായി അവളെ നീ മാറ്റിയല്ലോ! ഞങ്ങളിലും അങ്ങു വന്നു നിറഞ്ഞ് ഞങ്ങളെയും വിശുദ്ധിയുടെ പ്രേഷിതരാക്കിത്തീർക്കേണമേ. ആമ്മേൻ.*

*(ദൈവദാസൻ വില്യം ജക്വീന്താ)*



# ഭൗമിക മാലാഖമാർ

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വ**ർണ്ണ വിസ്മയ കാഴ്ചകളൊരുക്കിയ ആ മനോഹര ചിത്രങ്ങളിലേക്ക് നിർനിമേഷയായി അവൾ നോക്കിനിന്നു!!! പരിശുദ്ധ അമ്മയ്ക്കു മംഗലവാർത്ത നല്കുന്ന ഗബ്രിയേൽ മാലാഖ! തോബിയാസിന്റെ സഹായകനായ റഫായേൽ മാലാഖ! വി. യൗസേപ്പിനു ദർശനം നല്കുന്ന മാലാഖ! ഇടയന്മാർക്കു ദൂതു നല്കുന്ന മാലാഖമാർ! ജ്ഞാനികൾക്കു മാർഗ്ഗദർശിയാകുന്ന മാലാഖമാർ! ഗദ്സമെനിയിൽ ഈശോയെ ആശ്വസിപ്പിക്കുന്ന സ്വർഗ്ഗീയമാലാഖ! ആപത്തുകളിൽ സഹായമരുളുന്ന കാവൽമാലാഖ!

"എന്തൊരു ആത്മീയപ്രഭ! എന്ത് ഒറിജിനാലിറ്റിയാ മോനേ..." മംഗളവാർത്തക്കാലത്ത് 'മാലാഖമാരുടെ' മത്സരത്തിനുവേണ്ടി ന്യൂജെൻ കൗമാരക്കാരൻ നിർമ്മിതബുദ്ധിയുടെ (എ.ഐ.)യുടെ സഹായത്തോടെ നിർമിച്ച മാലാഖചിത്രങ്ങളെ അഭിനന്ദിച്ചപ്പോൾ ഉടൻ ന്യൂജെൻ ഭാഷയിൽ മറുപടി വന്നു: "എയ്ഞ്ചൽ വൈബുണ്ടെന്നേയുള്ളൂ, എല്ലാവരും ഫേക്കാ. ഇവരാരും ഒറിജിനൽ ലൈഫിൽ ഇല്ല. ഇവരാരെയും ഞാൻ കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല."

അവളുടെ മറുപടിയും പെട്ടെന്നായിരുന്നു: "ഞാൻ കണ്ടിട്ടുണ്ട്, കേട്ടിട്ടുണ്ട്. മാലാഖമാരുടെ സാന്നിദ്ധ്യത്തിലാ ഞാൻ ജീവിക്കുന്നത്." അവളുടെ മറുപടി കേട്ടിട്ടും കേൾക്കാത്ത മട്ടിൽ റീൽസ് കണ്ടുകൊണ്ടിരുന്ന ന്യൂജെൻകാരന്റെ മുമ്പിൽ അവളുടെ 'റിയൽ ലൈഫ്' ക്ലിക്കു ചെയ്തു. അഭ്രപാളിയിലെന്ന വണ്ണം അവനെയും അതു കണ്ടവരെയും 'ടച്ച്' ചെയ്തു. അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. കാരണം അത് അവളുടെ ജീവിതമായിരുന്നു. അവിടെ ആർട്ടിഫിഷ്യൽ ഇന്റെലിജെൻസിന് യാതൊരു സ്ഥാനവുമില്ലായിരുന്നു....

അപൂർവ്വ നേത്രരോഗം കാഴ്ചയെ പരിമിതപ്പെടുത്തിയപ്പോഴും അവൾ തളർന്നില്ല. തന്റെ പരിമിതിയെ അതിജീവിച്ച് ജീവിതത്തെ ആനന്ദമാക്കിയത് ദൈവം കനിഞ്ഞു നല്കിയ അനുഗൃഹീത ശബ്ദം കൊണ്ടാണ്. പല്ലുകൊണ്ടുണ്ടായ മുറിവ് വായിൽ കാൻസറിനു കാരണമായപ്പോൾ പലരും പറഞ്ഞു "പാവം, ഇനി അതെങ്ങനെ ജീവിക്കും?" അനേകരുടെ പ്രാർത്ഥനയുടെ ഫലമായി വചനവേദിയിലേക്കും കർമ്മരംഗത്തേക്കും ഈശോ നല്കിയ ശബ്ദത്തോടെ അവൾ തിരിച്ചുവന്നത് അതിജീവനത്തിന്റെ കരുത്തോടെയാണ്.

കാൻസറിന്റെ ആദ്യഘട്ടത്തിൽ സർജറിയ്ക്കുശേഷം മുൻകരുതലായി എടുത്ത മുപ്പതു റേഡിയേഷനുകൾ.... രോഗം തിരിച്ചുവരില്ല എന്ന് തന്റെ പ്രിയപ്പെട്ടവർക്കൊപ്പം അവളും വിശ്വസിച്ചു. പക്ഷേ, മാനുഷിക മുൻകരുതലുകൾക്കും ഡോക്ടേഴ്സിന്റെ കണക്കുകൂട്ടലുകൾക്കുമപ്പുറമായി ഒരു വർഷം പൂർത്തിയായപ്പോൾ കാൻസർ രണ്ടാമതും നാവിൽ പിടിമുറുക്കി. ഇപ്രാവശ്യം ഡോക്ടർമാർ നിർദ്ദേശിച്ചത് നാവിന്റെ പകുതിഭാഗം മുറിച്ചുമാറ്റുന്ന ശസ്ത്രക്രിയയാണ്. ശാസ്ത്രാദ്ധ്യാപികയായിരുന്ന അവൾക്കു മനസ്സിലായി ശബ്ദം കൊണ്ടു ജീവിച്ച തനിക്ക് തന്റെ ശബ്ദം നഷ്ടപ്പെടുകയാണെന്ന്. ശസ്ത്രക്രിയയുടെ റിസ്കുകൾ... സർജറിക്കു വിധേയരായവരുടെ അനുഭവങ്ങൾ... ഒന്നൊന്നായി അവളുടെ മുമ്പിൽ തെളിഞ്ഞുവന്നു....

അഗ്നിശോധനയുടെ ദിനരാത്രങ്ങൾ കൃപയുടെ നിറവാക്കി മാറ്റാൻ, തന്നെ ശക്തിപ്പെടുത്താൻ സ്വർഗ്ഗം അയച്ച ഭൗമികമാലാഖമാരെക്കുറിച്ച് അവൾ പറഞ്ഞപ്പോൾ ന്യൂജെൻകാരന്റെ കണ്ണുകൾ ഈറനണിഞ്ഞു. ദൈവികപരിപാലനയുടെ ദിനരാത്രങ്ങൾ....

"കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽ നിന്നും മറഞ്ഞിരിക്കുകയില്ല. നീ ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ നിന്റെ പിന്നിൽ നിന്റെ കാതുകളിൽ ഒരു സ്വരം ശ്രവിക്കും. ഇതാണു വഴി ഇതിലേ പോവുക. നിന്റെ നയനങ്ങൽ നിന്റെ ഗുരുവിനെ ദർശിക്കും" (ഏശ 30,20). ഒരാഴ്ചകൂടി ശസ്ത്രക്രിയ നീട്ടിവയ്ക്കാൻ കാതുകളിൽ കേട്ട ഒരു സ്വരം സ്വന്തം സഹോദരന്റേതായിരുന്നുവെങ്കിലും 'ഇതാണു വഴി, ഇതിലേ പോവുക' എന്ന ശബ്ദം ഈശോയുടേതു തന്നെയായിരുന്നുവെന്നു ഇന്നവൾ തിരിച്ചറിയുകയാണ്. പിന്നീടു വ്യത്യസ്തങ്ങളായ ആശുപത്രികൾ... നിരവധി ഡോക്ടേഴ്സിന്റെ അനവധി അഭിപ്രായങ്ങൾ... ഏതാണു വഴി എതിലെയാണു പോകേണ്ടത് എന്നറിയാതെ വിഷണ്ണരായി നിന്നവരെ കർത്താവിന്റെ മാലാഖ നയിച്ചത് തിരുവല്ല പുഷ്പഗിരിയിലെ റേഡിയോളജിസ്റ്റ് ഡോ. മംഗളാനന്ദന്റെ അടുത്തേക്കാണ്. "ഇതാ നിനക്കു മുമ്പിൽ ഒരു ദൂതനെ അയയ്ക്കും. അവൻ വഴികാട്ടുകയും ഞാൻ ഒരുക്കിയ സ്ഥലത്തേക്ക് അവനെ കൊണ്ടുപോകുകയും ചെയ്യും" (പുറ 23,20). ഡോക്ടറുടെ സമീപത്തിരുന്നപ്പോൾ അവൾ കണ്ടത് ഗബ്രിയേൽ മാലാഖയെത്തന്നെയാണ്. ആത്മാഭിഷേകത്താൽ നിറഞ്ഞ അദ്ദേഹത്തിന്റെ വാക്കുകൾ അക്ഷരാർത്ഥത്തിൽ അവൾക്കു മംഗളവാർത്തതന്നെയായിരുന്നു. ഡോക്ടറിന്റെ ശബ്ദത്തിലൂടെ മാലാഖയുടെ സ്വരം അവൾ ശ്രവിച്ചു: 'പരിശുദ്ധാത്മാവു നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല'.

വീണ്ടും നിരവധി സംശയങ്ങൾ... ഏതു ഡോക്ടർ? ഏതു ഹോസ്പിറ്റൽ? ആശങ്കയുടെ നടുക്കടലിൽ നിന്നവരെ ദൈവികദർശനങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ഡോ. മംഗളാനന്ദൻ മാർഗ്ഗദർശനം നല്കിയത് തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിലെ ഓങ്കോളജിസ്റ്റ് ഡോ. ജെൻസി ജോയിയുടെ അടുത്തേക്കായിരുന്നു. ഒരു കുടുംബത്തിനു മാത്രമല്ല ഒരു സമൂഹത്തിനു മുഴുവനും പേരുപോലെതന്നെ മംഗളവും ആനന്ദവും പ്രദാനം ചെയ്ത ഡോക്ടർ മംഗളാനന്ദൻ യഥാർത്ഥത്തിൽ മംഗളവാർത്ത നല്കിയ ഗബ്രിയേൽ മാലാഖയ്ക്കു സമനായിരുന്നു.

ഡോ. ജെൻസി ജോയിയുടെ കൺസൾട്ടിംഗ് റൂമിലിരിക്കുമ്പോൾ അവൾക്കു തോന്നി തന്റെ കാൻസർ ഗദ്സമെനിയിൽ തന്നെ ശക്തിപ്പെടുത്താനായി ദൈവം അയച്ച സ്വർഗീയമാലാഖയാണ് മുമ്പിലിരിക്കുന്നതെന്ന്. തന്നോടുമാത്രമല്ല എല്ലാ രോഗികളോടും എത്ര കരുണയോടും ക്ഷമയോടുംകൂടെയാണ് ഡോക്ടർ വർത്തിക്കുന്നത്! രോഗികളുടെ 'ഒപ്പം', രോഗികളുടെ 'കൂടെ' നടക്കുന്ന മാലാഖ. എത്ര സഹവർത്തിത്വത്തോടെയാണ് തന്റെ സഹപ്രവർത്തകരോടു പെരുമാറുന്നത്. എത്ര വലിയവനും നിസ്സഹായകനാകുന്ന മാരകരോഗങ്ങളുടെ മുമ്പിൽ മനസ്സിലാകുന്ന സ്നേഹവും കരുതലും നല്കി സാന്ത്വനവും സൗഖ്യവും നല്കുന്ന ഡോക്ടർ 'മാലാഖ' തന്നെയാണ്....

ഓപ്പറേഷൻ തിയേറ്ററിനെ അവൾ വിശേഷിപ്പിച്ചത് സ്വർഗ്ഗവും ഭൂമിയും സമ്മേളിക്കുന്ന 'ഇടം' എന്നാണ്. ഭൂമിയിൽ ദൈവത്തിന്റെ കരങ്ങളാകുന്ന മാലാഖമാരാകുന്ന ആതുരശുശ്രൂഷകർ അകത്ത്... പുറത്ത് മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്ന പ്രാർത്ഥനയുടെ മാലാഖമാർ... മൗനമായി അവൾ പാടി... 'മാലാഖമാരൊത്തു ഞങ്ങൾ പാടിസ്തുതിക്കുന്നു നിന്നെ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ'....

ഐ.സി.യു.വിൽ ബോധം വീണ്ടപ്പോൾ അവൾ ദർശിച്ചത് കർത്താവു ചെയ്ത അത്ഭുതം തന്നെയായിരുന്നു. നാവിന്റെ കുറച്ചു ഭാഗം മാത്രമേ നീക്കം ചെയ്തുള്ളൂ. സംസാരശേഷി നഷ്ടപ്പെട്ടിട്ടില്ല. മുകളിലേക്കു നോക്കി മൗനമായി അവൾ പറഞ്ഞു: "I see your presence Jesus, through the angels".

അനിശ്ചിതത്വത്തിന്റെ സഹനയാത്രയിൽ സഹയാത്രികരായ അനേകം റഫായേൽ മാലാഖമാരെ അവൾ ഓർത്തു. 'രണ്ടാമതും കാൻസർ' എന്നു കേട്ട നിമിഷംമുതൽ വിവിധ ഹോസ്പിറ്റലുകളിൽ തന്നോടൊപ്പം സഹയാത്രികയായി കൂടെ നടന്ന തന്റെ സഹോദരിയിൽ അവൾ കണ്ടത് തോബിയാസിന്റെ സഹയാത്രികനായ റഫായേൽമാലാഖയെ തന്നെയായിരുന്നു. നിരവധി പ്രതിസന്ധികൾ.... രോഗിക്കൊപ്പം മാതാപിതാക്കളെയും സഹോദരങ്ങളെയും ആശ്വസിപ്പിക്കേണ്ട നിമിഷങ്ങൾ.... നിർണായകമായ തീരുമാനങ്ങൾ എടുക്കേണ്ട നിരവധി സഹനഘട്ടങ്ങൾ... തോബിയാസിനെ റഫായേൽ മാലാഖ നയിച്ചതുപോലെ അവളോടൊപ്പം അവളുടെകൂടെ അവളുടെ സഹോദരിയും ഉണ്ടായിരുന്നു.

അവൾ പിന്നെയും സംസാരിച്ചുകൊണ്ടിരുന്നു. അസുഖത്തിന്റെ ആരംഭം മുതൽ സ്വർഗീയ മാലാഖമാരുടെ സൈന്യനിര അവൾക്കു ചുറ്റും ഉണ്ടായിരുന്നുന്നെന്ന്. ചിലർക്ക് അഭിവന്ദ്യ പിതാക്കന്മാരുടെ മുഖമാണ്. മറ്റു ചിലർക്ക് വൈദികരുടെ, സമർപ്പിതരുടെ, കുടുംബാംഗങ്ങളുടെ, കൂടപ്പിറപ്പുകളുടെ മുഖമായിരുന്നു. വേറെ ചില മാലാഖമാർക്ക് ആതുരശുശ്രൂഷകരുടെ, സമൂഹാംഗങ്ങളുടെ, സുഹൃത്തുക്കളുടെ.... ഇനിയും മറ്റു ചിലർക്ക് മധ്യസ്ഥ പ്രാർത്ഥന നടത്തുന്നവരുടെ മുഖമായിരുന്നു. അവൾ ഒരിക്കലും കണ്ടിട്ടില്ലാത്ത, ദൈവസന്നിധിയിൽ അവളെ ഓർമിക്കുന്ന മാലാഖമാർ.

അവൾ സാക്ഷ്യപ്പെടുത്തി: "ദൈവത്തെ സ്തുതിക്കുകയും അവിടുത്തേക്ക് നന്ദി പറയുകയും ചെയ്യുവിൻ. അവിടുന്നു നിങ്ങൾക്ക് ചെയ്ത നന്മയെപ്രതി സകല ജീവികളുടെയും മുൻപിൽ അവിടുത്തെ മഹത്ത്വപ്പെടുത്തുകയും അവിടുത്തേക്കു കൃതജ്ഞത അർപ്പിക്കുകയും ചെയ്യുവിൻ. ദൈവത്തിന്റെ പ്രവൃത്തികൾ പ്രഘോഷിച്ച് അവിടുത്തെ പുകഴ്ത്തുകയും അവിടുത്തെ നാമത്തിനു മഹത്ത്വം നൽകുകയും ചെയ്യുന്നത് ഉചിതമത്രേ. അവിടുത്തേക്കു നന്ദി പറയാൻ അമാന്തമരുത്. ദൈവത്തിന്റെ പ്രവൃത്തികൾ പ്രസിദ്ധമാക്കുന്നത് മഹനീയമാണ്" (തോബിത്ത് 12,6–7).

അവൾ കണ്ടത്, കേട്ടത്, തൊട്ടനുഭവിച്ചത്, നിർമ്മിതബുദ്ധി നിർമ്മിച്ച മാലാഖമാരെ അല്ല ജീവനുള്ള, ജീവനേകുന്ന, ദൈവത്തിന്റെ കരമാകുന്ന, ദൈവം അയച്ച ഭൂമിയിലെ മാലാഖമാരെയാണ്. ഭൗമികമാലാഖമാർ....

നിർമ്മിതബുദ്ധിയിലൂടെ മാലാഖമാരെ സൃഷ്ടിച്ച ന്യൂജെൻ കൗമാരക്കാരന്റെ മറുപടി നീണ്ട നിശബ്ദതയായിരുന്നു. അവനും കണ്ടു തുടങ്ങി മാലാഖമാരെ.

സുഹൃത്തേ, ഇനി എന്റെയും നിന്റെയും ഊഴം. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ മനുഷ്യർക്കു സമാധാനം എന്നാശംസിച്ച മാലാഖമാരെപ്പോലെ മംഗളവാർത്തക്കാലത്ത് സഹയാത്രികരാകുന്ന, ശക്തിപ്പെടുത്തുന്ന, മാർഗദർശിയാകുന്ന, സമാധാനമേകുന്ന, മാലാഖമാരായി മാറാൻ സാധിക്കുമോ? ഉത്തരം നൽകേണ്ടത് എന്റെയും നിന്റെയും ജീവിതത്തിലൂടെയാണ്. നമുക്കൊരുമിച്ചു പ്രാർത്ഥിക്കാം: എന്നെ കാക്കുന്ന കർത്താവിന്റെ മാലാഖായേ, അങ്ങേയ്ക്ക് ഏൽപ്പിച്ചിരിക്കുന്ന എന്നെ അങ്ങയുടെ കരങ്ങളിൽ താങ്ങണമേ. എന്നെ നയിക്കുകയും ഭരിക്കുകയും എന്റെ വഴികളെ പ്രകാശിപ്പിക്കുകയും ചെയ്യണമേ. ആമ്മേൻ.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ബെറ്റി കച്ചിറ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പ്രത്യാശയുടെ ചിന്തകൾ ഉണർത്തുന്ന മംഗളവാർത്ത മക്കൾക്കു നൽകുവാൻ ദൈവപിതാവിന്റെ വാക്കുകൾക്ക് ഉത്തരം നൽകിയ പരിശുദ്ധ അമ്മേ, ഈ മംഗളവാർത്തക്കാലത്ത് ഞങ്ങൾ പ്രത്യാശയുള്ളവരായി, ദൈവം ആവശ്യപ്പെടുന്നവയ്ക്ക് ഉത്തരം നൽകുന്നവരായി, മിശിഹായെ ഹൃദയത്തിൽ സ്വീകരിക്കുന്നവരായി വളരാൻ ഞങ്ങളെ സഹായിക്കണമേ.

**ഒന്നാം ദിവ്യരഹസ്യം**: 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്ന വാക്കുകളാൽ ദൈവപിതാവിന് സ്വയം വിട്ടുകൊടുത്ത പരിശുദ്ധ അമ്മേ, ജീവിതയാത്രയിൽ എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ മനസ്സിന് ഇണങ്ങിയവരായി ജീവിക്കുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**രണ്ടാം ദിവ്യരഹസ്യം**: ഇളയമ്മയായ ഏലീശ്വായെ ചെന്നുകണ്ട് ശുശ്രൂഷ ചെയ്യുവാൻ ഇറങ്ങിത്തിരിച്ച പരിശുദ്ധ അമ്മേ, മംഗളവാർത്തയായ സുവിശേഷത്തിന്റെ സന്തോഷം കണ്ടുമുട്ടുന്നവർക്കു പകർന്നു കൊടുക്കുവാൻ, പ്രത്യാശയോടെ മുന്നോട്ട് യാത്ര ചെയ്യുവാൻ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: കാലിത്തൊഴുത്തിലെ അതീവദുരിതത്തിലും, മരംകോച്ചുന്ന തണുപ്പിലും തളരാത്ത മനസ്സുമായി ദൈവകുമാരനെ ശുശ്രൂഷിച്ച പരിശുദ്ധ അമ്മേ, കഠിനയാതനകൾ ജീവിതയാത്രയെ തളർത്തുമ്പോൾ, കുത്തിക്കയറുന്ന നൊമ്പരങ്ങൾ സ്വീകരിക്കേണ്ടിവരുമ്പോൾ, സഹോദരങ്ങളെ വെറുക്കാതെ സ്നേഹിക്കുവാൻവേണ്ട കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: ഞാൻ ദൈവപുത്രന്റെ അമ്മയാണെന്ന അഹങ്കാരഭാവം ജീവിതത്തിൽ കടന്നുവരാതെ മകനെ വളർത്തുവാനായി നിനക്കൊപ്പം കടന്നുവന്ന വിശുദ്ധ യൗസേപ്പിനെ ഹൃദയപൂർവ്വം അനുസരിക്കുവാനും മരണംവരെ ശുശ്രൂഷിക്കുവാനും മനസ്സുകാണിച്ച പരിശുദ്ധ അമ്മേ, ഞങ്ങളുടെ ജീവിതാന്തസനുസരിച്ചു വിശ്വസ്തരായിരിക്കുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: ജറുസലേം ദൈവാലയത്തിൽവച്ച് തന്റെ മകനെ നഷ്ടപ്പെട്ടു പോയപ്പോൾ നീ അനുഭവിച്ച വേദന എത്രയധികം! പരിശുദ്ധ അമ്മേ ഞങ്ങളുടെ പാപസാഹചര്യങ്ങളാൽ ഈശോ നഷ്ടപ്പെടുമ്പോൾ ഹൃദയവ്യഥയോടെ അവനെ അന്വേഷിക്കുവാനും തിരികെ ഈശോയോടൊത്തു യാത്ര ചെയ്യുവാനും വേണ്ട കൃപയ്ക്കായി നീ പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

"ജ്ഞാനം സിദ്ധിച്ചവർ ദൈവത്തിന്റെ സൗഹൃദം നേടുന്നു;
അവളുടെ പ്രബോധനം
അവരെ അതിനു യോഗ്യരാക്കുന്നു".
(ജ്ഞാനം 7,14)

ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് ഒരുക്കിയ ദൈവമേ,
എല്ലാത്തിനും പൂർണ്ണത നൽകി,
നിന്റെ സൃഷ്ടികർമ്മം പൂർത്തിയാക്കി,
ഏഴാം ദിവസം നീ വിശ്രമിച്ചു.
നീ വിശ്രമിച്ച ദിവസത്തെ
അനുഗ്രഹിച്ച് വിശുദ്ധമാക്കി.
ദൈവമേ, നീ നൽകുന്ന ഓരോ ദിവസവും
പൂർണതയുള്ളതാക്കാൻ,
അധ്വാനത്തിന്റെ ദിവസങ്ങളാക്കാൻ
നിന്റെ സൃഷ്ടിയായ എന്നെയും സഹായിക്കണമേ.
ഓരോ ദിനത്തിന്റെയും
അവസാനവും പ്രത്യേകമായി
നിന്റെ ഉയിർപ്പിന്റെ
മഹത്ത്വം പ്രഘോഷിക്കുന്ന
ആഴ്ചയുടെ ആദ്യദിനവും
നിന്നോടൊത്തു
വിശ്രമിക്കുവാൻ,
നിന്റെ അനുഗ്രഹങ്ങൾ
ഏറ്റുവാങ്ങാൻ,
സംഭവിച്ചുപോയ
കുറവുകളും വീഴ്ചകളും
നിന്നോടു ചേർന്നിരുന്ന്
പരിഹരിക്കുവാൻ,
വിശുദ്ധീകരിക്കപ്പെടുവാൻ
എന്നെ അനുഗ്രഹിക്കണമേ.



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
**RNI: KERMAL/2014/59983**
**December 2025**

"കർത്താവേ, നിൻ കാരുണ്യം
ഞങ്ങൾ സന്തതമറിയുന്നു
കാരുണ്യത്താൽ നീയുലകിൽ
നരനായ് ശിശുവായ് വന്നല്ലോ.
നാഥാ, നിന്റെ മഹത്ത്വത്തെ
വർണിച്ചീടാൻ കഴിവെന്യേ
കൃപയുടെയാഴം നിരവദ്യം
ഞങ്ങൾ വാഴ്ത്തിപ്പാടുന്നു".

ഓനീസാ ദക്ദം,
രണ്ടാം ഞായർ റംശാ

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O.,
Kottayam - 686 018; Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published
at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal